# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-22/1661/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി, എറണാകുളം(ഉപരിപത്രം സഹിതം)
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-പി.കെ.ഡി-22/1661/22 തീയ്യതി: 30/07/2022

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2021 മുതൽ 16-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 27-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-07-2022 | 27-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രകാശ് ബാബു കെ.ആർ,, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശബ്നാദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കെ.വി.സന്ദീപൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീലജ വാഴക്കുന്നത്ത്. | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 24-01-2021 |
| ശ്രീ.പി.രാമചന്ദ്രൻ | ചെയർമാൻ | 25-01-2021 | 31-03-2021 |
| ശ്രീമതി സിനി.ടി എൻ | സെക്രട്ടറി | 01-04-2020 | 03-11-2020 |
| ശ്രീ.ആർ.ശിവകുമാർ (സൂപ്രണ്ട്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2020 | 10-11-2020 |
| ശ്രീ.നൗഷാദ്.എ | സെക്രട്ടറി | 11-11-2020 | 20-12-2020 |
| ശ്രീ. ഷിനോജ്. വി.എസ്. (അസി.എഞ്ചിനീയർ ) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-12-2020 | 19-01-2021 |
| ശ്രീ.നൗഷാദ്.എ | സെക്രട്ടറി | 20-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിനോജ്. വി.എസ്. | അസി.എഞ്ചിനീയർ | 01-04-2020 | 31-07-2020 |
| ശ്രീ.സുധീഷ് കെ | ഓവർസീയർ ഗ്രേഡ് 1 (അസി.എഞ്ചിനീയർ അധിക ചുമതല) | 01-08-2020 | 30-09-2020 |
| ശ്രീ. ഷിനോജ്. വി.എസ്. | അസി.എഞ്ചിനീയർ | 01-10-2020 | 31-03-2021 |
| ശ്രീമതി. അബിത ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 23-03-2021 |
| ശ്രീമതി വിന്നീ മാത്യൂ | കൃഷി ഓഫീസർ | 24-03-2021 | 29-03-2021 |
| ശ്രീ സുനിൽകുമാർ | കൃഷി ഓഫീസർ | 30-03-2021 | 31-03-2021 |
| ഡോ. രാജേഷ്. പി.ജി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ഷഫ്ന മറിയം .വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. മുഹമ്മദ് ഷരീഫ് എം. കെ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. ഷബാന .എസ്. എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 22-03-2021 |
| ഡോ.സമീർബാബു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 23-03-2021 | 31-03-2021 |
| ശ്രീമതി. കാർത്ത്യായനി. വി.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ടി.പി.ജയകുമാർ | പ്രിൻസിപ്പാൾ ജി.വി.എച്ച് എസ് ചെർപ്പുളശ്ശേരി | 01-04-2020 | 31-03-2021 |
| ശ്രീ.കെ.എം.മുഹമ്മദ് മുബാറക്ക് | പ്രിൻസിപ്പാൾ ജി.എച്ച് എസ്.എസ്. ചെർപ്പുളശ്ശേരി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 20-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.R.Prakashbabu (Audit Officer, On 18-07-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 18-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: K.R.Prakashbabu (Audit Officer, On 18-07-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 18-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 18-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 29-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 18-07-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 18-07-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 18-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 29-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 23-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 29-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: S.Sabna Das (Senior Grade Auditor, On 25-07-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 29-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 19-07-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 19-07-2022) | 1-10 |
| 12 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Sandeep KV (Auditor, On 26-07-2022) | 1-11 |
| 13 | നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Sandeep KV (Auditor, On 26-07-2022) | 1-11-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-11-2 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Sandeep KV (Auditor, On 26-07-2022) | 1-11-3 |
| 16 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sandeep KV (Auditor, On 26-07-2022) | 1-11-4 |

| | | |
|---|---|---|
| | Last Updated By: Sandeep KV (Auditor, On 26-07-2022) | |
| 17 | റേഷൻകടകളിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ്.<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 1-11-5 |
| 18 | ഒന്നിലധികം തനത് ഫണ്ട് അക്കൗണ്ട് ഉപയോഗിക്കൽ ഒഴിവാക്കണം<br>Written By: Sandeep KV (Auditor, On 26-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-12 |
| 19 | വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 29-07-2022) | 1-13 |
| 20 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-14 |
| 21 | മൊബൈൽ ടവറുകളുടെ വസ്തു നികുതി<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 1-15 |
| 22 | കടമുറികളുടെ വാടക പിരിവ് കൂടുതൽ കാര്യക്ഷമമല്ല<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-16 |
| 23 | അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 1-17 |
| 24 | സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 29-07-2022) | 1-18 |
| 25 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല<br>Written By: S.Sabna Das (Senior Grade Auditor, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-19 |
| 26 | തരിശ് ഭൂമി നെൽ കൃഷി - ഭൂമി കൃഷിക്കനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-20 |
| 27 | ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നു.<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-21 |
| 28 | പച്ചക്കറി കൃഷി വികസനം (ഗ്രോ ബാഗ്) -ഗുണഭോക്തൃവിഹിതം നൽകിയത് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-22 |
| 29 | ടിഷ്യൂ കൾച്ചർ വാഴ തൈ വിതരണം - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-23 |
| 30 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-24 |

| | | |
|---|---|---|
| 31 | എസ്.എസ്.എ. ക്ക് വിഹിതം നൽകൽ - പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: A. Sujatha (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-25 |
| 32 | വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക- അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-26 |
| 33 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ അടവാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-27 |
| 34 | തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 29-07-2022) | 1-28 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-29 |
| 36 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലെ തുക നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-30 |
| 37 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം- മരണമടഞ്ഞവരെ ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കണം<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-31 |
| 38 | സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് തുക നൽകിയത്-ബാക്കി തുക ലഭ്യമായില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-32 |
| 39 | പ്രളയത്തിൽ തകർന്ന ടോയ്‌ലറ്റുകളുടെ പുനർനിർമ്മാണം-ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-33 |
| 40 | വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-34 |
| 41 | മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 29-07-2022) | 1-35 |
| 42 | കോവിഡ് പ്രവർത്തനങ്ങൾക്കായി നൽകിയ മുൻകൂർ ക്രമീകരിച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-35-1 |
| 43 | അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-35-2 |
| 44 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചുപിടിച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-35-3 |
| 45 | വെട്ട്യാറ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടും ഫലപ്രദമായിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 29-07-2022) | 1-36 |
| 46 | ജൈവമാലിന്യ സംസ്കരണ പ്ലാന്റ്-പ്രവർത്തിപ്പിക്കുന്നില്ല | 1-37 |

| | | |
|---|---|---|
| | Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | |
| 47 | എം.സി.എഫ്, ആർ.ആർ.എഫ്. എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-38 |
| 48 | പൊതു ടോയ്‌ലെറ്റ് നിർമ്മാണം- എല്ലാ ടോയ്‌ലെറ്റുകളും ഉപയോഗയോഗ്യമാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-39 |
| 49 | തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ നടപടിക്രമം പാലിക്കാതെ AMC നൽകി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-40 |
| 50 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്-പൊതുവായ വിലയിരുത്തൽ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-41 |
| 51 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കാത്തത് ഓഡിറ്റ് വേളയിൽ ഈടാക്കി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-42 |
| 52 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ഈടാക്കാത്തത് ഓഡിറ്റ് വേളയിൽ അടവാക്കി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-43 |
| 53 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-44 |
| 54 | പി.എം.എ.വൈ ഭവന പദ്ധതി- അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-45 |
| 55 | "സർഗ്ഗവേദി ക്യാംപ്" -പദ്ധതി നടപ്പിലാക്കുന്നതിന് നിയുക്തനായ നിർവ്വഹണോദ്യോഗസ്ഥനെ ഒഴിവാക്കി.<br>Written By: K.R.Prakashbabu (Audit Officer, On 30-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ അടവാക്കേണ്ടതാണ്.<br>Written By: A. Sujatha (Asst. Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 23-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: A. Sujatha (Asst. Audit Officer, On 18-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 30-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 27/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/22-2-2021). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 50116165.00 | 767550021.00 | 817666186.00 | 776274009.00 | 41392177.00 |

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3, 1-4 എന്നിവയിലെ വിശദാംശങ്ങളുമായി മേൽ പറഞ്ഞ കണക്കുകൾക്ക് വലിയ അന്തരം കാണപ്പെടുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31.07.2021 | 08.07.2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ലൈസൻസ്, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി (തൻവർഷം & കുടിശ്ശിക) - സഞ്ചയ ഡാറ്റ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) വാടക, ബസ് സ്റ്റാൻഡ് ഫീസ്, കംഫർട്ട് സ്റ്റേഷൻ വരവ് എന്നീയിനത്തിലുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) പെർമിറ്റ് ഫീസ്- ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം 150000 /-രൂപയും, തൊഴിൽ രഹിത വേതനം 3360/-രൂപയും R & P യിൽ ചേർത്തിട്ടില്ല. വരും വർഷങ്ങളിൽ AFS ൽ ടി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

6) അഡ്വാൻസ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള കണക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ AFSലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. വർഷം തിരിച്ചുള്ള കണക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തി ഓഡിറ്റിന് അറിയിക്കുന്നതാണ് അറിയിച്ചിട്ടുണ്ട്

7) ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലഭ്യമാക്കിയ മറുപടിയിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

8) പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 31.03.2021 ൽ നഗരസഭക്ക് 25574801/- രൂപയുടെ കുടിശ്ശികയുണ്ട് എന്നാൽ ടി തുക വാർഷിക കണക്കിലെ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല. വിഷയം പരിശോധിച്ച് തുകയിൽ കൃത്യത ഉറപ്പുവരുത്തി ടി തുക ലയബിലിറ്റി ആയി വരും വർഷങ്ങളിലെ AFS ൽ ഉൾപെടുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്

9) സചിത്ര സോഫ്റ്റ് വെയർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

10) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിലെ B7-ഷെഡ്യൂളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 3063552/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യത വരുത്തി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹39337997 |
| വരവ് | ₹173612333 |
| ആകെ | ₹212950330 |
| ചെലവ് | ₹179953984 |
| നീക്കിയിരിപ്പ് | ₹32996346 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 13014302 | 13014302 | 12110254 | 904048 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 15466666 | 15466666 | 15466645 | 21 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21170100 | 21170100 | 21138792 | 31308 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4305012 | 4305012 | 4289363 | 15649 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 11809146 | 11809146 | 6413255 | 5395891 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-പെർഫോർമൻസ് ഗ്രാന്റ് | 0 | 3970000 | 3970000 | 3494375 | 475625 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 7273933 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 1133334 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

1. കേന്ദ്രാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| PMAY | 9495181 | 47953049 | 57448230 | 53742200 | 3706030 |
| NULM | 421292 | 934651 | 1355943 | 998105 | 357838 |

2. സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി (AUEGS) | 2757021 | 5109709 | 7866730 | 7139011 | 727719 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 506 | 140549823 | 311 | 93198990 | - | 195 | 61.46 |

അംഗീകാരം ലഭ്യമായ പ്രൊജക്കുകളിൽ 61.46% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 66.31% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വി നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ക നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 7143300 | 5179141 | 72.5 |
| വെറ്ററിനറി സർജ്ജൻ | 10 | 7 | 2062500 | 822529 | 39.88 |
| മെഡിക്കൽ ഓഫീസർ-CHC | 3 | 3 | 1750000 | 1529033 | 87.37 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| ഐ.സി.ഡി.എസ് | 13 | 9 | 7043500 | 5470001 | 77.66 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 63 | 45 | 40920913 | 28997411 | 70.86 |
| മുനിസിപ്പൽ എഞ്ചിനിയർ | 395 | 231 | 77844610 | 49107135 | 63.08 |
| പ്രിൻസിപ്പാൾ, GVHSS | 8 | 2 | 2410000 | 718740 | 29.82 |
| പ്രിൻസിപ്പാൾ, GHSS | 1 | 1 | 125000 | 125000 | 100 |
| ആകെ | 506 | 311 | 140549823 | 93198990 | 66.31 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗ വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) | 2757021 | 5109709 | 7866730 | 7139011 | 727719 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8554600 | 585 |
| 2 | വിധവാ പെൻഷൻ | 24339500 | 1578 |
| 3 | വാർദ്ധക്യകാല പെൻഷൻ | 38662300 | 2704 |
| 4 | വികലാംഗ പെൻഷൻ | 7178700 | 473 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 3014200 | 198 |
| 6 | വിധവകളുടെ പെൺമക്കളുടെ | 150000 | 5 |

| | | | |
|---|---|---|---|
| | വിവാഹധനസഹായം | | |
| 7 | തൊഴിലില്ലായ്മവേതനം | 3360 | 4 |

ക്രമനം.6, 7 എന്നിവ പ്രകാരമുള്ള തുകകൾ നഗരസഭ മുഖേന വരവ് വന്നെങ്കിലും വാർഷികകണക്കിലെ റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14169 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

1. ഫയലുകളുടെ സൂക്ഷിപ്പ്

തനത് ഫണ്ട് വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുകയോ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2. ഇൻകുമ്പൻസി രജിസ്റ്റർ

ഘടകസ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥരുടെ സ്ഥിര/ ഔദ്യോഗിക മേൽവിലാസം ഇൻകുമ്പൻസി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3. ആവർത്തന ചെലവുകളുടെ കണ്ടിജന്റ് രജിസ്റ്റർ

പ്രധാനപ്പെട്ട ആവർത്തന ചെലവുകളായ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ്, കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, ഘടകസ്ഥാപനങ്ങളുടെ ചെലവുകൾ എന്നിവ ഉൾക്കൊള്ളുന്ന കണ്ടിജന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

5. ജി.ഒ (എം.എസ്)നം.170/07/ത.സ്വ.ഭ.വ തീ.30.06.07 പ്രകാരം വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതര രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

6.ആസ്തിസംരക്ഷണം--ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. നഗരസഭ പഞ്ചായത്തായിരുന്ന കാലയളവിലെ ആസ്തി രജിസ്റ്റർ ഡിജിറ്റലായാണ് സൂക്ഷച്ചിട്ടുള്ളത്. 2015 ഏപ്രിലിനു ശേഷമുള്ള ആസ്തി വിവരങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. നഗരസഭാ രൂപീകരണ വേളയിൽ സമീപ പഞ്ചായത്തായ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ വാർഡ് 14, 15, 16 എന്നിവ നഗരസഭയോട് കൂട്ടിചേർത്തിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ ആസ്തി വിവരങ്ങൾ ഇതുവരെ നഗരസഭയുടെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ്വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11 /തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നഗരസഭയുടെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

7. ആസ്തി പരിപാലന പട്ടിക -ജി.ഒ(എം.എസ്)നം.362/2013 ത.സ്വ.ഭ.വ 16.11.2013 (12-ാം പദ്ധതി)ൽ അനുശാസിക്കും പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളിൽ നിന്നും, നഗരസഭാ സെക്രട്ടറിയിൽ നിന്നും പ്രൊജക്ട് നിർദ്ദേശങ്ങൾ സ്വരൂപിച്ച് ആസ്തി സംരക്ഷണ പരിപാലന പദ്ധതി രൂപീകരിച്ചിട്ടില്ല. ആസ്തി വിവരങ്ങൾ കാലികമാക്കുന്നതിനോടൊപ്പം മുൻഗണനാ ക്രമമനുസരിച്ച് ആസ്തി ഇൻഡക്സ് നമ്പർ നൽകി ആസ്തി പരിപാലന പട്ടിക തയ്യാറാക്കേണ്ടതാണ്.

8. പൊതുടാപ്പുകളുടെ രജിസ്റ്റർ, തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

9. പൊതുമരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ തയ്യാറാക്കിയിട്ടില്ല.

കാഷ് ബുക്ക്

റോഡ് രജിസ്റ്റർ

വർക്ക് ബിൽ രജിസ്റ്റർ

എം-ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

പെർഫോമൻസ് ഗ്യാരണ്ടി രജിസ്റ്റർ

ടെണ്ടർ ഫോം രജിസ്റ്റർ

എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തീയതി, കൗൺസിൽ തീരുമാനം തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല. വർക്ക് ഫയലുകളിൽ സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഇല്ല. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ച പദ്ധതി ഫയലുകളിൽ ആവശ്യമായ രേഖകൾ ഇല്ല.

10. നഗരസഭാ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ മുഖേന ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം - കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10. വരവിനങ്ങളുടെ താഴെ പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. ട്രേഡേഴ്സ് ലിസ്റ്റ്

2. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ

വസ്തു നികുതി കുടിശ്ശിക – സഞ്ചയ സോഫ്റ്റ്വെയറും, സാംഖ്യയിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11. പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം കമ്മിറ്റി യോഗം ചേരുകയും വിവിധ പർച്ചേസുകളിലെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമഗ്രികളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് ടീം ഉറപ്പാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോർമൻസ് ഓഡിറ്റ് നടന്നിട്ടില്ല | | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.02.2022 മുതൽ 02.03.2022 വരെ | 01.04.2018മുതൽ 31.01.2022 വരെ | 31.05.2022 | ഇല്ല |

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ,

ജോലിയിലോ ഏർപ്പെട്ടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | Demand | Collection |
|---|---|---|---|
| 1 | Profession Tax - Employees | 2784679 | 2694979 |
| 2 | Profession Tax - Institutions/Professionals/ Traders | 1884404 | 1138470 |
| | ആകെ | 4669083 | 3833449 |

നഗരസഭാ പരിതീയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ മാത്രം ലഭ്യമാക്കിയിട്ടുള്ളൂ അവയുടെ റിട്ടേണുകൾ ഒന്നും തന്നെ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയില്ല ആയതിനാൽ തൊഴിൽ നികുതിതിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
(ഓഡിറ്റ് അന്വേഷണം നം. 11/22-7-22).
പരിശോധനയുടെ വിവരം തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | പി. വി .ആർ വീൽസ് | I & II | 16/616 |
| 2 | ചൈതന്യ കൺവെൻഷൻ സെന്റർ | I & II | 15/121 |
| 3 | ഷാലു ഫ്യൂവൽസ് | I & II | 15/186 |
| 4 | കോയ്സൺ ബിൽഡിംഗ്സ് | I & II | 15/562, 565, 566 |
| 5 | വിവിഡ് എന്റർപ്രൈസസ് | I & II | 15/1992, 1993 |
| 6 | ഇൻഡസ് മോട്ടോർസ് | I & II | 9/368 |
| 7 | RGS വീൽസ് | I & II | 13/524 |
| 8 | മഹർ ഗോൾഡ് | I & II | 13/783 |
| 9 | ഹസ്സൻകുട്ടി ജ്വല്ലറി | I & II | 13/825 |
| 10 | പെയിന്റ്സ് & പെയിന്റ്സ് | I & II | 13/1176 |
| 11 | SG ജ്വല്ലറി | I & II | 13/1373 |
| 12 | നെല്ലികുറിശി | I & II | 13/829 |

| | | | |
|---|---|---|---|
| | ജ്വല്ലറി | | |
| 13 | വള്ളുവനാട് ട്രേഡേഴ്സ് PVT LTD | I & II | 7/552 |
| 14 | മലബാർ ടൈൽസ് & സാനിറ്റേഷൻ | I & II | 7/365,366,367,368 |

ഈടാക്കുവാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-11-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ചൈതന്യ കൺവെൻഷൻ സെന്റർ | I & II | 15/121 |
| 2 | ഹസ്സൻകുട്ടി ജ്വല്ലറി | I & II | 13/825 |
| 3 | വിദേശമദ്യവും ബിയറും വില്പന | I & II | 12/1282 |
| 4 | SG ജ്വല്ലറി | I & II | 13/1373 |
| 6 | നെല്ലിക്കുറിശി ജ്വല്ലറി | I & II | 13/829 |
| 7 | കവിത ജ്വല്ലറി | I & II | 6/729 |
| 8 | KRS ജ്വല്ലറി | I & II | 15/528 |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-11-3 പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം |
|---|---|---|
| 1 | നന്ദന ഡെന്റൽ ക്ലിനിക് | 13/1034 |
| 2 | സുധർമ്മ സ്പെഷ്യലിറ്റി ലാബ് | 17/252 |
| 3 | H M S ഹോസ്പിറ്റൽ | 14/551 |
| 4 | മരിയ ഡെന്റൽ ക്ലിനിക് | 13/1159 |
| 5 | ഡിവൈൻ ഡെന്റൽ ക്ലിനിക് | 13/927 |

നഗരസഭയിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-11-4 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ

നിന്നും നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | അബു താഹിർ |
| 2 | അബ്ദുൾ ബഷീർ .എൻ സി |
| 3 | റഹീം കെ വി |
| 4 | കെ ടി ബഷീർ |
| 5 | അബ്ദുൾ അഷറഫ് |
| 6 | ഇസ്മയിൽ കെ |
| 7 | ഷാഹുൽ ഹമീദ് |
| 8 | സജീഷ് |
| 9 | അബൂബക്കർ |
| 10 | അബ്ദുൾ സത്താർ സത്താർ |
| 11 | ഷാഹുൽ ഹമീദ് |
| 12 | സൈതലവി |
| 13 | എ പി സുബൈർ |

2020-21 വർഷത്തിൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും ചട്ടപ്രകാരം ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-11-5 റേഷൻകടകളിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

### 1-12 ഒന്നിലധികം തനത് ഫണ്ട് അക്കൗണ്ട് ഉപയോഗിക്കൽ ഒഴിവാക്കണം

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഒന്നിലധികം തനത് ഫണ്ട് അക്കൗണ്ട് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മറ്റ് അക്കൗണ്ടുകൾ തനത് വരുമാനം നിക്ഷേപിക്കൽ സർക്കുലർ നം :58725/എഫ്.എം.3/2008/ത.സ്വ.ഭ.വ

തിയതി 26-05-2011 ൽ തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് .

വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന തനതു വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരുപ്പ് 30-3-21 |
|---|---|---|
| STATE BANK OF INDIA-OWN FUND | 36177344502 | 1933970.00 |
| PUNJAB NATIONAL BANK-OWN FUND | 4264000100085855 | 16366164.00 |
| SATE BANK OF INDIA-PLAN | 67354912371 | 690959.00 |
| CHERPULASSERY PANCHAYATH AGRL.IMPROVEMENT CO OPERATIVE SOCIETY LTD.NO. P1358 | A/C NO. 124 | 205387.00 |

മേൽ പറഞ്ഞ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 15/23-7-22 നൽകിയതിന് സെക്രട്ടറിയുടെ മറുപടിയിൽ ഇപ്രകാരം മറുപടി നൽകിയിട്ടുണ്ട്. നഗരസഭയുടെ തനതു ഫണ്ട് നിലവിൽ പഞ്ചാബ് നാഷണൽ ബാങ്ക് 4264000100085855 എന്ന അക്കൗണ്ടിൽ മാത്രമാണ് നിക്ഷേപിച്ച് വരുന്നത്. SBI OWN FUND (502), SBI PLAN (371) എന്നീ അക്കൗണ്ടുകൾ നിലവിൽ ഉപയോഗിച്ച് വരുന്നില്ല. ആയത് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിയുണ്ട്. CHERPULASSERY PANCHAYATH AGRL.IMPROVEMENT CO OPERATIVE SOCIETY LTD.NO. P1358 (124) എന്ന അക്കൗണ്ട് ചെയർമാന്റെ ദുരിതാശ്വാസനിധിയുടെ അക്കൗണ്ട് ആയതിനാൽ നിലനിർത്തേണ്ട അക്കൗണ്ട് ആണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

*ഒരു തനത് ഫണ്ട് അക്കൗണ്ട് മാത്രം ഉപയോഗിക്കേണ്ടതാണ് നിലവിൽ ഉപയോഗിക്കാത്ത തനത് ഫണ്ട് അക്കൗണ്ടുകൾ ഉടൻ ക്ലോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി

നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചും വസ്തുനികുതി പരിഷ്കരണം പൂർത്തിയാകാത്ത നഗരസഭകളിലെ എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം. 6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 സെപ്തംബർ മാസത്തിനകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശിച്ച് 06.03.2019-ലെ സ.ഉ(സാധാ)നം.540/2019/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു.

സഞ്ചയ സോഫ്റ്റ് വെയറിലെ റിപ്പോർട്ട് പ്രകാരം നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബേസ് ഡാറ്റാ- ആകെ കെട്ടിടങ്ങളുടെ എണ്ണം (Old Buildings) | 15856 |
| ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കി അപ്രൂവ് ചെയ്ത | 15767 |

| | |
|---|---|
| കെട്ടിടങ്ങളുടെ എണ്ണം | |
| ബേസ് ഡാറ്റാ -അപ്രൂവ് ചെയ്യാൻ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 89 |
| ഫോറം-6- ആകെ കെട്ടിടങ്ങളുടെ എണ്ണം (Old Buildings) | 15767 |
| ഫോറം-6 അപ്രൂവ് ചെയ്ത കെട്ടിടങ്ങളുടെ എണ്ണം | 15587 |
| ഫോറം-6 സാക്ഷ്യപ്പെടുത്തി ഡിമാന്റ് ജനറേറ്റ് ചെയ്തത് | 15297 |
| ഫോറം-6- ഡിമാന്റ് ജനറേറ്റ് ചെയ്യാൻ അവശേഷിക്കുന്നത് | 290 |
| അപ്രൂവ് ചെയ്ത പുതിയ കെട്ടിടങ്ങളുടെ (New Buildings) എണ്ണം | 4295 |

90 ശതമാനത്തോളം ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവു മൂലം ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചാണ് ഇതു വരെയുള്ള ഡാറ്റ എൻട്രി നടത്തിയിരുന്നത്. നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാർ ഇല്ലാത്തതിനാൽ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പൂർത്തീകരണത്തിനായി വീണ്ടും ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചു.

വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

1. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 60 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 80 രൂപയും ആണ് നഗരസഭയിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം 6 പരിശോധിച്ചതിൽ 100 ച. മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെ പറയുന്ന വാണിജ്യ കെട്ടിടത്തെ 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നികുതിയിനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 29/45 | വീരാൻകുട്ടി, എരപറമ്പിൽ | 292 ച.മീ | അടിസ്ഥാന വസ്തു നികുതി - 292 X 60 = 17520<br>ഇളവുകൾ - ഇല്ല<br>വർദ്ധനവ്- ഇല്ല<br>വാർഷിക | അടിസ്ഥാന വസ്തു നികുതി - 292 X 80 = 23360<br>ഇളവുകൾ - ഇല്ല<br>വർദ്ധനവ്- ഇല്ല<br>വാർഷിക വസ്തു നികുതി - 23360<br>ലൈബ്രറി സെസ് 5%- 1168<br>സർവ്വീസ് | 6712/- |

| | | | | | |
|---|---|---|---|---|---|
| | | | വസ്തു നികുതി – 17520<br>ലൈബ്രറി സെസ് 5%– 876<br>സർവ്വീസ് ചാർജ് 10% – 1752<br>ആകെ നികുതി – 20148 | ചാർജ്10% - 2336<br>ആകെ നികുതി – 26864 | |

2. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2020-21 ൽ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന് ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിട ഉടമയുടെ പേര് | ലൈസൻസിയുടെ പേര്, കച്ചവടം |
|---|---|---|---|
| 8/295 | 24.79 ച.മീ | ബൽക്കീസ്, മൂത്തേടത്ത്, കാറൽമണ്ണ | വിനോദ് കൃഷ്ണൻ.എം, NEW FIFTINEM Communications എന്ന കേബിൾ നെറ്റ് വർക്ക് സ്ഥാപനം നടത്തുന്നു. |

നഗരസഭയിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവയക്ക് ച. മീറ്ററിന് 60 രൂപയും അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്നീ ഉപയോഗക്രമത്തിലെ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും ആണ് വസ്തു നികുതി നിരക്ക്. ആയതിനാൽ വാണിജ്യ കെട്ടിടത്തിന് അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ കുറവ് വന്നിട്ടുണ്ട്.

| തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി | കുറവ് |
|---|---|---|---|
| 24.79 | അടിസ്ഥാന വസ്തു നികുതി - 24.79 X 50 = 1239.5<br>ഇളവുകൾ - 10% - 123.95<br>വർദ്ധനവ്- 20% - 247.9<br>വസ്തു നികുതി - 1364/-<br>ലൈബ്രറി സെസ് 5%- 69<br>സർവ്വീസ് ചാർജ് 10% - 137<br>ആകെ നികുതി - 1570/- | അടിസ്ഥാന വസ്തു നികുതി - 24.79 X 60 = 1487.4<br>ഇളവുകൾ - 10% - 148.74<br>വർദ്ധനവ്- 20% - 297.48<br>വസ്തു നികുതി - 1636/-<br>ലൈബ്രറി സെസ് 5%- 82<br>സർവ്വീസ് ചാർജ് 10%- 164<br>ആകെ നികുതി - 1882/- | 312/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/26-07-22) മറുപടി ലഭ്യമാക്കിയില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ അപാകങ്ങൾ പരിഹരിച്ച് മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുകയും കുടിശ്ശിക സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി

നഗരസഭാ പരിധിയിലെ 5 മൊബൈൽ ടെലഫോൺ ടവറുകളെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട് . മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ( നം. R1-5949/21 ) നഗരസഭാ പരിധിയിലെ മൊബൈൽ ടവറുകളുടെ വിവര ശേഖരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്ത 5 മൊബൈൽ ടവറുകൾ കണ്ടെത്തുകയും അവയുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിനായി ടവറുടമകൾക്ക് R1-5944/2021 തി. 15-06-21 പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതായി കണ്ടെത്തി.

ടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | മൊബൈൽ ടവറിന്റെ പേര് |
|---|---|---|
| 1 | 14/988 | ഇൻഡസ് ടവർ |
| 2 | 13/169 | ഇൻഡസ് ടവർ |
| 3 | 13/171 | ATC Telecom Infrastructure(Pvt) Ltd. |
| 4 | 13/144 | റിലയൻസ് |
| 5 | 25/323 | അപ്സര ടവർ |

എന്നാൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/23-07-22) ന് മറുപടി ലഭ്യമായില്ല.

എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും അവരുടെ പരിധിയിൽ അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും ആയതിന്റെ കുടിശ്ശികയുൾപ്പടെയുള്ള നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനും ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്ന് വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണവകുപ്പ് 19.10.14-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ മേൽ പറഞ്ഞ മൊബൈൽ ടവറുകളുടെ കാര്യത്തിൽ കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് റെഗുലറൈസ് ചെയ്യുന്നതിനും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 കടമുറികളുടെ വാടക പിരിവ് കൂടുതൽ കാര്യക്ഷമമല്ല

നഗരസഭയുടെ ഉടമസ്ഥതയിൽ ആകെ 28 കടമുറികളാണുള്ളത്. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് - 14, ഇ.എം.എസ് ടൗൺ ഹാളിനോടു ചേർന്ന കടമുറികൾ- 5, പട്ടാമ്പി റോഡിലെ കടമുറികൾ - 8, ബസ് ഷെൽട്ടർ കടമുറി - 1. അവയിൽ 26 കടമുറികൾ തൻ വർഷം വാടകയ്ക്ക് നൽകിയിട്ടുണ്ട്. കോവിഡ് 19 സാഹചര്യം പരിഗണിച്ച് 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ഇളവ് നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 -(ബി) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമാനുസൃത ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2. മുഴുവൻ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. 26 കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 18 ലൈസൻസികളുമായി ചമച്ച കരാറുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മറ്റ് ലൈസൻസികളുമായി കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3. രജിസ്റ്ററിലെ ഡി.സി.ബി തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ തൻ വർഷത്തെ കുടിശ്ശിക 351258 രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശിക30838 രൂപ യും ഉൾപ്പെടെ ആകെ 382096 രൂപ കുടിശ്ശികയുണ്ട്. വാടക രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തം അക്കൗണ്ട്സിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം മുൻ വർഷങ്ങളിലെ ഉൾപ്പെടെ വാടകയിനത്തിലെ ആകെ കുടിശ്ശിക 2203179 രൂപയാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

നിർദ്ദേശങ്ങൾ

1. കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

2. കടമുറികൾ വാടകയ്ക്ക് നൽകുന്ന മുഴുവൻ ലൈസൻസികളുമായും ചട്ടപ്രകാരം കരാർ ചമയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. വാടക രജിസ്റ്ററിലേയും വാർഷിക കണക്കുകളിലേയും തുകകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം കണ്ടെത്തി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

4. വാടകയിനത്തിലെ കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗത്തിന് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 29/26-07-22)

1-17 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് പ്രകാരം 26 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ 30 അനധികൃത കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

2. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ നിയമ ലംഘനത്തിന്റെ സ്വഭാവം രേഖപ്പെടുത്തിയിട്ടില്ല.

3. താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിരിക്കുന്നതിൽ നമ്പറിനൊപ്പം UA എന്ന് ചേർത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | അനധികൃത നിർമ്മാണത്തിന്റെ വർഷം |
|---|---|---|
| 1 | 8/48/1 | 2020-21 |
| 2 | 14/872/1 | 2020-21 |
| 3 | 18/61 | 2019-20 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

നിർദ്ദേശങ്ങൾ

1. നഗരസഭയിലെ മുഴുവൻ അനധികൃത കെട്ടിടങ്ങളുടെയും വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

2. മേൽ പട്ടികയിൽ പറഞ്ഞ അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3. യു.എ നമ്പർ നല്കിയ അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-18 സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ

അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാനോ പ്രവർത്തിക്കുവാനോ പാടുള്ളതല്ല. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ആകെ 21 സ്ഥാപനങ്ങളാണ് തൻ വർഷം രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്/പുതുക്കിയിട്ടുള്ളത്. രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 28 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന 7 സ്ഥാപനങ്ങൾ 2020-21 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അമീൻ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, ചെർപ്പുളശ്ശേരി |
| 2 | നീതി ലാബ്, ചെർപ്പുളശ്ശേരി |
| 3 | ചെർപ്പുളശ്ശേരി പോളി ക്ലിനിക് ലാബ് |
| 4 | ലൈഫ് കെയർ ഡയഗ്നോസ്റ്റിക് സെന്റർ, പട്ടാമ്പി റോഡ്, ചെർപ്പുളശ്ശേരി |
| 5 | മോഡേൺ മെഡി കെയർ & ഡയബറ്റിക് കെയർ, മഞ്ചക്കൽ |
| 6 | ഡോക്ടേഴ്സ് ഡെന്റൽ ആർട്സ്, ചെർപ്പുളശ്ശേരി |
| 7 | വൈറ്റ് ലൈൻ ഡെന്റൽ ക്ലിനിക്, ചെർപ്പുളശ്ശേരി |

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-19 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല

എസ്.ആർ.ഒ നമ്പർ 857/2020/09.12.2020 പ്രകാരം (30.10.2020 ലെ ജി.ഒ.(പി)നം62/2020/ ത.സ്വ.ഭ.വ) കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം അസ്സൽ ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ പട്ടിക-III പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ പട്ടിക-I, പട്ടിക-II എന്നിവയ്ക്കു കീഴിൽ കൊണ്ടു വന്ന് വേർതിരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം മുതലാണ് പുതുക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ച് തുടങ്ങിയിട്ടുള്ളത്. നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്.

2020-21 സാമ്പത്തിക വർഷം 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 33 വാർഡുകളിലായി ആകെ 1385 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. തൻ വർഷം നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

നിലവിൽ നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ കച്ചവടക്കാരുടെ ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചു.

നിർദ്ദേശം

ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള കൃത്യമായ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും ഓരോ വർഷവും പുതിയതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ എല്ലാ കച്ചവടക്കാരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-20 തരിശ് ഭൂമി നെൽ കൃഷി - ഭൂമി കൃഷിക്കനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സുഭിക്ഷ കേരളം പദ്ധതി പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാനദണ്ഡം സ.ഉ(സാധാ)നം 1009/2020 ത.സ്വഭ.വ തീയതി 29.05.2020 പ്രകാരം തരിശുകൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | |
|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ |
| 1 | നെല്ല് | 35000/- | 5000/- | 40000/- |
| 2 | പച്ചക്കറി | 37000/- | 3000/- | 40000/- |
| 3 | വാഴ | 32000/- | 3000/- | 35000/- |
| 4 | പയർ വർഗ്ഗങ്ങൾ | 27000/- | 3000/- | 30000/- |
| 5 | കിഴങ്ങു വർഗ്ഗങ്ങൾ | 27000/- | 3000/- | 30000/- |

പ്രസ്തുത മാർഗരേഖയിലെ ഖണ്ഡിക 2.2.1 പ്രകാരം 3 വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്നും കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ 2020-21 വർഷത്തിൽ നടപ്പിലാക്കിയ സുഭിക്ഷ കേരളം-തരിശ് നെൽ കൃഷി പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടോ, കൃഷി ഓഫീസറുടെ ശുപാർശയോ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. നഗരസഭ പതിമൂന്നാം പദ്ധതിക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ ഭൂമിയിൽ 15 ഹെക്ടർ സ്ഥലം തരിശുഭൂമിയാണ്. ഇതിൽ 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. പ്രൊജക്ടിലൂടെ 6 ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്യതിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രോജക്ട്</td><td>511/21 സുഭിക്ഷ കേരളം-തരിശ് ഭൂമി വിളയിറക്കൽ</td></tr>
<tr><td rowspan="3">അടങ്കൽ</td><td>തനതു ഫണ്ട് 240000.00</td></tr>
<tr><td>ഗുണഭോക്തൃവിഹിതം1500.00</td></tr>
<tr><td>ആകെ 241500.00</td></tr>
<tr><td>ചെലവ്</td><td>തനതു ഫണ്ട് 221600.00<br>(വൗ.നം 22001009/.06.03.21)</td></tr>
<tr><td>നിർവ്വഹണം</td><td>കൃഷി ഓഫീസർ</td></tr>
</table>

20 ഗുണഭോക്താക്കൾക്ക് 6 ഹെക്ടർ ഭൂമി കൃഷി ചെയ്യതിന് 221600/- രൂപ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തരിശ് ഭൂമിയാണെന്ന് അപേക്ഷ പരിശോധിച്ച് ഉറപ്പുവരുത്താതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/20.07.2022) കൃഷി സ്ഥലം നേരിൽ സന്ദർശിച്ച് തരിശ് ഭൂമിയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും, അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും, കൃഷിഭവനിലെ തിരക്കുകൾമൂലം അപേക്ഷകളിൽ ശുപാർശ റിപ്പോർട്ട് എഴുതാൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഗുണഭോക്താക്കളുടെ അപേക്ഷകൾ യഥാസമയം പരിശോധിക്കുയും, അർഹതയുടെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നു.

എത്ര കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾ മുഖേന നടത്തുന്നു എന്നതിന് ആധാരമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. സ.ഉ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ-നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ തദ്ദേശസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല. അവ ഗുണഭോക്തൃ ഗ്രൂപ്പുകളാണ് വഹിക്കേണ്ടത്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്ത സ്കീമുകളുടെ കാര്യത്തിൽ അവ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നത് വരെയുള്ള നടത്തിപ്പ്, മെയിന്റനൻസ് ചെലവുകളാണ് തദ്ദേശസ്ഥാപനങ്ങൾക്ക് വഹിക്കാവുന്നത്.

വൗച്ചറുകളിൽ വിവരങ്ങൾ കൃത്യമല്ലാത്തതിനാലും, നഗരസഭയിൽ ടി വിവരങ്ങൾ സംബന്ധിച്ച് കണ്ടിൻജന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും നഗരസഭ അടവാക്കിയ വിവിധ കുടിവെള്ളപദ്ധതികളുടെ കൃത്യമായ വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. 14 കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജാണ് നഗരസഭ ഒടുക്കിവരുന്നത്.

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ അടവാക്കിയ വൈദ്യുതി ചാർജ്ജിന്റെ കണക്ക് ചുവടെ ചേർക്കുന്നു. (വൗച്ചർ നം.22001004/5.3.21, തുക-238576/-)

| ക്രമ നം | കൺസ്യൂമർ നം | കുടിവെള്ളപദ്ധതി | തൻവർഷം അടവാക്കിയ വൈദ്യുതി ചാർജ്ജ് |
|---|---|---|---|
| 1 | 31973 | വീട്ടിക്കാട് | 10412/- |

| | | | |
|---|---|---|---|
| | | കോലുംകുന്ന് | |
| 2 | 33047 | വെട്ടിക്കുന്ന് കോളനി | 2146/- |
| 3 | 31832 | വെട്ടിക്കൽ | 7178/- |
| 4 | 31553 | കോലാർകുന്ന് (എസ്.സി) | 4340/- |
| 5 | 15749 | വീട്ടിക്കാട് | 11715/- |
| 6 | 31831 | നെരപറമ്പ് | 4133/- |
| 7 | 34210 | സ്വാമിയാർകുന്ന് | 945/- |
| 8 | 11559 | തെക്കുംമുറി | 3059/- |
| 9 | 14375 | തെക്കുംമുറി | 5855/- |
| 10 | 23252 | ഒലിയം | 87078/- |
| ആകെ | | | 136861/- |

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും, നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതുമാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.38/27.7.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1-22 പച്ചക്കറി കൃഷി വികസനം (ഗ്രോ ബാഗ്) -ഗുണഭോക്തൃവിഹിതം നൽകിയത് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി കൃഷി വികസനം (ഗ്രോ ബാഗ്) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്റ്റിൽ ഉൾപ്പെടുത്തുകയും 50500 രൂപ ഈയിനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത് .ഗുണഭോക്താക്കൾ ആയത് നഗരസഭയിൽ അടവാക്കുകയും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം ചെക്ക് മുഖാന്തിരം ഗ്രോ ബാഗ് വിതരണം ചെയ്ത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ചെലവു പത്രികയിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി രേഖപെടുത്തിയിട്ടില്ല. തൻമൂലം പദ്ധതിയുടെ യഥാർത്ഥ ചെലവ് വരവ് ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | 71/21 പച്ചക്കറി കൃഷി വികസന പദ്ധതി (ഗ്രോ ബാഗ് വിതരണം) |
| അടങ്കൽ | തനതു ഫണ്ട് 198000.00 |
| | ഗുണഭോക്തൃ വിഹിതം 66000.00 |

| | |
|---|---|
| | |
| | ആകെ 264000.00 |
| ചെലവ് | തനതു ഫണ്ട് 198000.00 |
| | ഗുണഭോക്തൃ വിഹിതം 00 |

ഗുണഭോക്താക്കൾ നേരിട്ട് നഗരസഭയിൽ 50500/- രൂപ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട്. ലഭ്യമായ ഗുണഭോക്തൃവിഹിതം മുഴുവനായും ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/20.07.2022) ഗുണഭോക്തൃവിഹിതം സാംഖ്യ വെബ് മുഖാന്തിരം ബില്ല് എടുക്കുമ്പോൾ ചെക്ക് നമ്പർ രേഖപ്പെടുത്താത്തതുമൂലം സംഭവിച്ചതാണെന്നും .ഐ.കെ.എം.ജില്ലാ സെല്ലുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 ടിഷ്യു കൾച്ചർ വാഴ തൈ വിതരണം - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ ടിഷ്യു കൾച്ചർ വാഴ തൈ വിതരണം എന്ന പ്രോജക്ടിൽ പ്രൊക്യൂർമെന്റ് നടപടികൾ പാലിക്കാതെ വാഴതൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .

സ.ഉ (കൈ)നം 22/2017/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19-മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

പ്രസ്തുത മാർഗരേഖയിലെ ഖണ്ഡിക 6.1.(4) പ്രകാരം ടിഷ്യു കൾച്ചർ വാഴ തൈകൾ 100 % സബ്സിഡിയോടെ കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി, VFPCK എന്നിവയിൽ നിന്നും യഥാർത്ഥ വില നൽകി വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിഗണിക്കാതെ CELL TECH TISSUE CULTURE PLANTS, Karalmanna , Cherpulassery എന്ന സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ 448500 രൂപ ചെലവഴിച്ച് 17940 വാഴ തൈകൾ 25 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട് ( 358800 + 89700 = 448500, ഗുണഭോക്തൃ വിഹിതം @ 5/ യൂണിറ്റ് ,17940*5= 89700) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 74/21 ടിഷ്യു കൾച്ചർ വാഴ തൈ വിതരണം |
| അടങ്കൽ | തനതു ഫണ്ട് 372000.00 |
| | ഗുണഭോക്തൃ |

| | |
|---|---|
| | വിഹിതം 93000.00 |
| | ആകെ 465000.00 |
| ചെലവ് | തനതു ഫണ്ട് – 358800.00<br>(വൗ.നം 22000867/30.01.21- ചെക്ക് നം 282546/30.01.21) |
| | ഗുണഭോക്തൃ<br>വിഹിതം - 89700.00<br>(വൗ.നം 22000868/30.01.21-<br>ചെക്ക് നം 282546/30.01.21) |
| ഇൻവോയ്സ് നം. | CT/1067/20/16.11.2020 |

സബ്സിഡി മാർഗരേഖ പ്രകാരം , എല്ലാ വിഭാഗങ്ങൾക്കും 100 % സബ്സിഡിയായി നൽകുന്നതിന് നിർദ്ദേശമുള്ളപ്പോൾ , മാർഗരേഖയിലെയും പ്രൊക്യൂർമെന്റ് മാർഗരേഖയിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്തൃ വിഹിതം ഈടാക്കി പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/21.07.2022) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആനുകൂല്യത്തോടെ ആരംഭിച്ച സ്ഥാപനമാണ് CELL TECH TISSUE CULTURE PLANTS കൃഷിവകുപ്പിന്റെ ആനുകൂല്യം കൈപ്പറ്റി ആരംഭിച്ച ഈ സ്വകാര്യ സ്ഥാപനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ സ്ഥാപനത്തിൽനിന്നും വാഴതൈകൾ വാങ്ങിയതെന്നും, യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനും, ദുരുപയോഗം തടയുന്നതിനും വേണ്ടിയാണ് ഗുണഭോക്തൃ വിഹിതം ഈടാക്കി പ്രോജക്ട് നടപ്പിലാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖയിലെയും നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

1-24 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി , സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ സ്വദേശി ഫുഡ്സ് കുടുംബശ്രീ യൂണിറ്റ് ചെറായ കോങ്ങാട് (GSTIN-32ACLFS3513P1ZT) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | 64/21 അനുപൂരക പോഷകാഹാരം (ജനറൽ) | 65/21 അനുപൂരക പോഷകാഹാരം (എസ്.സി.പി) |
|---|---|---|
| അടങ്കൽ | 2000000.00 വികസന ഫണ്ട് | 200000.00 വികസന ഫണ്ട് |
| | 1000000.00 | 200000.00 |

| | | |
|---|---|---|
| | കേന്ദ്ര വിഹിതം | കേന്ദ്ര വിഹിതം |
| | ആകെ 3000000.00 | 400000.00 |
| ചെലവ് | 1971282.00 വികസന ഫണ്ട് | 173340.00 വികസന ഫണ്ട് |
| | 763049.00 കേന്ദ്ര വിഹിതം | 00 കേന്ദ്ര വിഹിതം |
| | ആകെ 2734331.00 | 173340.00 |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ/ ചെക്ക് നമ്പർ & തീയതി | തുക (₹) | ഇൻ വോയിസുകളുടെ എണ്ണം | അമൃതം, ആരോഗ്യ മിക്സ് - തുക (₹) |
|---|---|---|---|---|
| 1 | 03/10.08.20 | 413172.00 | 3 എണ്ണം | 413172.00 |
| 2 | 04/10.08.20 | 222675.00 | 1 എണ്ണം | 146736.00 |
| 3 | 05/10.08.20 | 312007.00 | 4 എണ്ണം | 144735.00 |
| 4 | 06/28.09.20 | 317430.00 | 2എണ്ണം | 317430.00 |
| 5 | 07/28.09.20 | 283070.00 | 2 എണ്ണം | 92070.00 |
| 6 | 08/06.10.20 | 270795.00 | 3 എണ്ണം | 270795.00 |
| 7 | 09/10.01.21 | 173340.00 | 1 എണ്ണം | 170100.00 |
| | കേന്ദ്ര വിഹിതം | | | |
| 8 | 282545/30.01.21 | 172599.00 | 2 എണ്ണം | 74325.00 |
| 9 | 282626/15.03.21 | 590450.00 | 4 എണ്ണം | 358910.00 |
| | ആകെ | 2755538.00 | | 1988273.00 |

സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏതെല്ലാം ഇൻവോയ്സുകൾ പ്രകാരമാണ് പ്രസ്തുത തുക അടവാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.13/23.07.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽനിന്നും നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-25 എസ്.എസ്.എ. ക്ക് വിഹിതം നൽകൽ - പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 17/2018/ത.സ്വ.ഭ.വ തീയത 02.02.2018 ഖണ്ഡിക 5.2.1.(2) ലെ നിർദ്ദേശാനുസരണം നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്ടുകൾ പ്രകാരം ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് (

IFSC Code: CNRB000812 A/c No: 0812101070730) 2000000 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | വൗച്ചർ നം. /തിയതി | തുക |
|---|---|---|---|---|
| 1 | 122/21- എസ്.എസ്.എ വിഹിതം | രൂ.2000000.00 (തനതു ഫണ്ട് ) | 22000633 തീ.08.10.20 | 2000000.00 |

1.വിനിയോഗ സാക്ഷ്യ പത്രം തൃപ്തികരമല്ല

എസ് എസ് കെ യുടെ വിനിയോഗ സാക്ഷ്യ പത്ര പ്രകാരം എസ്.എസ്.എ വിഹിതമായി നൽകിയ 2000000/- രൂപ ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതെല്ലാം പ്രവർത്തനങ്ങൾക്ക് വിവിധ സ്കൂളിൽ എത്ര രൂപ വീതം ചെലവഴിച്ച എന്ന് വ്യക്തമാക്കിയിട്ടില്ല.

2 ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു

1) SSK ലഭ്യമാക്കിയ Annual Work Plan And Budget [AWP&B) പ്രകാരം നഗരസഭയിലെ പൊതുവിദ്യാലയങ്ങളിൽ താഴെ പറയുന്ന ഇനങ്ങൾ നടപ്പാക്കുന്നതിന് എസ്.എസ്.എ വിഹിതത്തിൽ ഉൾപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

എ) യൂണിഫോം - 8.628/- ലക്ഷം രൂപ

ബി) Quality Components -3.379/- ലക്ഷം രൂപ

സി) Foundation Literacy And Numeracy – 7.1755/- ലക്ഷം രൂപ

ഡി) മഴ വെള്ള സംഭരണി 3.75/- ലക്ഷം രൂപ

മേൽ ഇനങ്ങൾ നിർവഹിക്കുന്നതിനായി നഗരസഭാ പരിധിയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും, യഥാർത്ഥ ചെലവ് വിവരങ്ങളും ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/21.07.2022) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോ-ഓഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക-അപാകതകൾ

ഫയൽ നം. പി.ഡബ്ല്യു1/ഇ1/4163/17

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കാൻ ബാക്കിയുള്ള വെള്ളക്കരം സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ താഴെചേർക്കുന്നു.

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന 496 പൊതുടാപ്പുകൾക്കുള്ള തുക ടാപ്പൊന്നിന് 7884 രൂപ പ്രകാരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ടായിരുന്നു. ആയത് പ്രകാരം പ്രതിമാസം അടവാക്കേണ്ട ചാർജ് 325872/- രൂപയാണ്. 2020-21 വർഷത്തിൽ നഗരസഭ വാട്ടർചാർജ്ജിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല

സംയുക്തപരിശോധന നടത്തുന്നതിന് നിരവധി തവണ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെയും സംയുക്തപരിശോധന നടത്തിയിട്ടില്ല. 2018 വർഷത്തിൽ 33 വാർഡുകളിലെയും കൗൺസിലർമാർ തങ്ങളുടെ വാർഡുകളിലെ ടാപ്പുകളുടെ എണ്ണം നൽകിയത് അനുസരിച്ച് 240 പൊതു ടാപ്പുകൾ മാത്രമാണുള്ളത്.

നിരവധി തവണ വാട്ടർ അതോറിറ്റിയോട് സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റി ഷൊർണ്ണൂർ ഡിവിഷൻ അസി. എഞ്ചിനീയർക്ക് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടിയൊന്നും ഉണ്ടായിട്ടില്ല. 24.4.21 ലെ കൗൺസിൽ തീരുമാനം പ്രകാരം രൂപം കൊടുത്ത ഉപസമിതി അംഗങ്ങളും ഓവർസിയറും നടത്തിയ പരിശോധനയിൽ 82 പൊതുടാപ്പുകൾ മാത്രമാണ് ഉപയോഗപ്രദമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നഗരസഭ അവസാനമായി കത്ത് നൽകിയിരിക്കുന്നത് നം-പി.ഡബ്ല്യു1/ഇ1/4163/17, 28.6.2022 പ്രകാരമാണ്. യഥാർത്ഥത്തിൽ വെള്ളം ലഭ്യമാകുന്ന ടാപ്പുകളുടെ മാത്രം കുടിശ്ശിക കണക്കാക്കി അടവാക്കുന്നതിനുള്ള നടപടി നാളിതുവരെയും പൂർത്തിയായിട്ടില്ല

വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ള വെള്ളക്കരം കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| | മാർച്ച് 2021 | ജൂൺ 2022 | റിമാർക്സ് |
|---|---|---|---|
| കുടിശ്ശികതുക | 24833822.00 | 40181228.00 | |
| ഫൈൻ2% | 415107.00 | 788379.00 | |
| പ്രതിമാസചാർജ് | 325872.00 | 359269.00 | പ്രതിമാസം 8692.11 പ്രകാരം 496 ടാപ്പുകൾക്ക് |
| ആകെ | 25574801.00 | 41328876.00 | |

- നിലനിൽക്കുന്ന കുടിശ്ശിക ഏത് കാലയളവ് മുതൽ ഉള്ളതാണെന്ന് വ്യക്തമാകുന്ന നിലനിൽക്കുന്ന കുടിശ്ശിക ഏത് കാലയളവ് മുതൽ ഉള്ളതാണെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് മാത്രമാണ് നഗരസഭയിൽ ആധികാരികരേഖയായി സൂക്ഷിക്കുന്നത്
- 2020-21 വർഷത്തിൽ ഓഡിറ്റ് കാലയളവിൽ വാട്ടർചാർജ്ജിനത്തിൽ നഗരസഭ തുകയൊന്നും അടവാക്കിയിട്ടില്ല. നഗരസഭ അവസാനമായി വെള്ളക്കരം ഒടുക്കിയത് എപ്പോഴാണെന്ന് വ്യക്തമല്ലാത്ത സാഹചര്യമാണുള്ളത്.
- കുടിശ്ശികയിനത്തിലുള്ള തുക നഗരസഭയ്ക്ക് ലഭ്യമാവേണ്ട ഗ്രാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമായില്ല
- ജി.ഒ(ആർ ടി) 2242/2011/തസ്വഭവ തീയതി 28.9.2011 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന പൂർത്തിയായതിനു ശേഷം സ്ഥാപനങ്ങൾ വെള്ളക്കരകുടിശ്ശിക അടവാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭ ഓഡിറ്റ് കാലയളവിൽ വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിന് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും വാട്ടർ അതോറിറ്റി സംയുക്തപരിശോധനക്ക് തയ്യാറാവാത്തതിനാൽ സംയുക്ത പരിശോധന നടന്നിട്ടില്ല.
- വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക 2020-21 കാലയളവിൽ ബാധ്യതയായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/21.7.2022) വാട്ടർ അതോറിറ്റിക്ക് സംയുക്തപരിശോധന ആവശ്യപ്പെട്ട് നിരവധി തവണ കത്ത് നൽകിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നും നിസ്സഹകരണം ആണ് ഉള്ളതെന്നും കുടിശ്ശിക തുക ഗ്രാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- വാട്ടർ അതോറ്റി സംയുക്തപരിശോധനക്ക് തയ്യാറാവാത്തതിനാൽ പ്രസ്തുത വകുപ്പ് മേധാവികളെയോ സർക്കാരിനെയോ സമീപിച്ച് എത്രയും പെട്ടെന്നുതന്നെ സംയുക്തപരിശോധന പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

- കുടിശ്ശിക സംബന്ധിച്ചും തുക ഒടുക്കവരുത്തുന്നത് സംബന്ധിച്ചും കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.
- ഇത്രയും ഭീമമായ കുടിശ്ശിക ഒടുക്കേണ്ട സാഹചര്യം നഗരസഭയ്ക്ക് താങ്ങാനാവാത്ത ബാധ്യതയായതിനാൽ സർക്കാരിനെ സമീപിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-27 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ അടവാക്കേണ്ടതാണ്

കെ.എസ്.ഇ.ബി, ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ( കൺസ്യൂമർ നം.1165413028269) അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയിട്ടുണ്ട്

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും, എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമാണ് വൈദ്യുതി ചാർജ്ജ് അടവാക്കൽ. തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ, യഥാസമയം തുക അടവാക്കാത്തതിനാലാണ് പിഴ വന്നത്. പിഴയോടുകൂടി തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

### 1-28 തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ)തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

ചെർപ്പുളശ്ശേരി സെക്ഷന്റെ പരിധിയിലുള്ള സെക്ഷന്റെ വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. കൺസ്യൂമർ നമ്പർ 1165413028269നു കീഴിലുള്ള തെരുവ് വിളക്കുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രതിമാസ വൈദ്യുത ചാർജ്ജ് 180485/- രൂപ പ്രകാരമാണ് ഒടുക്കുന്നത്.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് നഗരസഭ വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. നിലവിൽ 106693 രൂപയാണ് പ്രതിമാസം വൈദ്യുതി ചാർജ്ജായി ഒടുക്കുന്നത്.

ബി)സംയുക്ത പരിശോധനയുടെ വിവരം

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് 2021-22 വർഷത്തിൽ സംയുക്തപരിശോധന നടത്തി വൈദ്യുതചാർജ് കുറവ് ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡടിസ്ഥാനത്തിലുള്ള സ്ട്രീറ്റ്ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് ഒടുക്കുന്നത്. ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനനുസരിച്ച് വിവരങ്ങൾ കാലികമാക്കേണ്ടതും വൈദ്യുതി ചാർജ്ജ് റിവൈസ് ചെയ്യേണ്ടതുമാണ്.

സി)വൈദ്യുതി ചാർജിന്റെ വിവരം

2020-21 വർഷ ത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിനായി 2,818,097.00 രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

ഇ)തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവരം

2020-21 വർഷത്തിൽ അസി എഞ്ചിനീയർ നിർവ്വഹണേദ്യോഗസ്ഥനായി ഒരു പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ആയത് കൂടാതെ പദ്ധതിയിൽ ഉൾപ്പെടുത്താതെ മെയിന്റനൻസിനായി 526760/- രൂപയും ചെലവഴിച്ചിട്ടുണ്ട്. റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകുന്നുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം സംബന്ധിച്ച കെ എസ് ഇ ബിയിൽ നിന്നും

സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ നഗരസഭയിൽ നിലവിലില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കൃത്യമായ ഇടവേളകളിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി ആയുസ്സ് കൂടുതൽ ഉള്ളതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 263/21 | കോട്ടപ്പടി പെരീരി കുടിവെള്ള പദ്ധതിക്ക് വൈദ്യുതലൈൻ വലിക്കലും കണക്ഷൻ എടുക്കലും | 7/30.4.20 | 142160.00 | അസി.എഞ്ചിനീയർ, കെ.എസ് ഇ ബി (അക്കൗണ്ട് നം.57063661794) |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചപ്പോൾ പ്രവർത്തി നടപ്പിലാക്കുന്ന ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/25.7.2022) ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലെ തുക നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫോം വില എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചെർപ്പുളശ്ശേരി നഗരസഭയുടെ അസി.എഞ്ചിനീയറുടെ പേരിൽ കൊഴിഞ്ഞാമ്പാറSBI-ൽ ആരംഭിച്ചിട്ടുള്ള 67055567387 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.03.2022 വരെ പ്രസ്തുത ഇനത്തിലുള്ള വരവ് ആകെ 324144/- രൂപയാണ്.

ടെണ്ടർ ഫോം ഇനത്തിൽ ലഭ്യമായ തുക 2021-22 സാമ്പത്തിക വർഷം അവസാനിച്ചിട്ടും നഗരസഭ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ മുനിസിപ്പൽ എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.17/23.07.2022) ആയത് ലഭ്യമാക്കിയില്ല.

ടെണ്ടർ ഫോം ഇനത്തിൽ ലഭ്യമായ തുക ₹324144/- നഗരസഭ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

## 1-31 സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം- മരണമടഞ്ഞവരെ ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കണം

നഗരസഭയിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം, വിവിധ കാരണങ്ങളാൽ അർഹത നഷ്ടപ്പെടുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ 23.09.2020 ലെ സ.ഉ.(എം.എസ്.)നം. 97/2020 നെ മുൻനിർത്തി പരിശോധിച്ചു.

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

എ)നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്നു പരിശോധിച്ച് യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും മരണരജിസ്റ്ററുകളും ഒത്തു നോക്കി പരിശോധിച്ചതിൽ മരണപ്പെട്ട പലരും നിലവിലും പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് ആയി തുടരുന്നു എന്നു കണ്ടെത്തി. ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കാണ് അധികം തുക നൽകിയിരിക്കുന്നത്.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തരം | ഗുണഭോക്താവ് മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ | നിലവിലെ പെൻഷൻ സ്റ്റാറ്റസ് | ആകെ തിരികെ ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|---|
| 1. | ഹൈദ്ര.കെ, ഇല്ലിക്കോട്ടുകുറിശ്ശി | 108260200721 | വാർദ്ധക്യ കാല പെൻഷൻ | 3.11.20 | 11/2020 മുതൽ ജൂൺ 2022 വരെ | ആക്ടീവ് | 31300.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ദേവകി .സി.പി, ചക്കപള്ളിയാലിൽ | 112700200398 | വാർദ്ധക്യ കാലപെൻഷൻ | 13.3.20 | 3/2020 മുതൽ ജൂൺ 2022 വരെ | ആക്ടീവ് | 45400.00 |
| | | | | | | | 76700.00 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ബി)പെൻഷൻ റദ്ദു ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം ഈ വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളത് കുറെ മാസങ്ങൾക്ക് ശേഷമാണ്. ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കാണ് അധികം തുക നൽകിയിരിക്കുന്നത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഗുണഭോക്താവ് മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ |
|---|---|---|---|---|
| 1. | സരസ്വതി.കെ ,കോലോത്തൊടി | 108260201046 | 22.1.21 | 2/2021 മുതൽ 2021 ജൂൺ വരെ |
| 2. | ഹംസ പറക്കാടൻ,കരുമാനംകുറിശ്ശി | 108260200410 | 26.4.20 | 12/20 മുതൽ 5/21 |
| 3. | ഗിരിജ.പി പനങ്ങാട്ടിരിപ്പറമ്പിൽ, ചെർപ്പുളശ്ശേരി | 108260500189 | 5.1.21 | 1/21 മുതൽ 6/2022 വരെ |
| 4. | പ്രസന്ന, സോപാനം, മഞ്ചക്കൽ | 108260601035 | 11.8.2020 | 1/21 മുതൽ 4/22 വരെ |
| 5. | ശാരദ എന്ന ദേവയാനി വെള്ളഞ്ചേരി ചെർപ്പുളശ്ശേരി | 108260600926 | 12.9.2020 | 9/20 മുതൽ 5/2022 വരെ |
| 6 | കുഞ്ഞാലൻ കളക്കുന്നത്ത്, പന്നിയംകുറിശ്ശി | 108260400233 | 14.11.2020 | 11/20 മുതൽ 4/22 വരെ |
| 7. | ഉണ്ണികൃഷ്ണൻ പട്ടാറമ്പിൽ | 112700200313 | 21.6.2018 | 7/2018 മുതൽ 7/2019 വരെ |
| 8 | കുട്ടിമാളു,ചള്ളയിൽഹൗസ് | 108260100223 | 29.03.2017 | 3/2017 മുതൽ 7/2019 വരെ |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുന്ന വ്യക്തികളുടെ പെൻഷൻ യഥാസമയം ക്യാൻസൽ ചെയ്യാതെ

പെൻഷൻ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/26.7.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

നിലവിൽ പെൻഷൻ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ ഗുണഭോക്താക്കളുടെയും ഡിസ്ക്രിപൻസി ലിസ്റ്റിലെ ഗുണഭോക്താക്കളുടെയും അർഹത പുന:പരിശോധിക്കേണ്ടതും മരണമടഞ്ഞവർക്ക് നൽകിയ തുകകൾ കണ്ടെത്തി തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ ഗുണഭോക്താക്കളുടെയും അർഹത പരിശോധിച്ച് ഡാറ്റാബേസ് കാലികമാക്കേണ്ടതാണ്.

## 1-32 സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് തുക നൽകിയത്-ബാക്കി തുക ലഭ്യമായില്ല

പ്രൊ.നം. 253/21മൃഗാശുപത്രിയിൽ സോളാർ സിസ്റ്റം

| | |
|---|---|
| അടങ്കൽ | 297000.00 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 297000.00 രൂപ ട്രഷറി ബിൽ നം. ബിൽ നം. 14/11-5-20 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മൃഗാശുപത്രിയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അനർട്ട് മുഖാന്തിരമാണ് സോളാർ സിസ്റ്റം സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി തുക മുൻകൂറായി പിൻവലിച്ച് അനർട്ടിന് നൽകി. 2KW സോളാർ സിസ്റ്റമാണ് സ്ഥാപിച്ചിട്ടുള്ളത്. അനർട്ടിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം (നം.112/ANERT(PL)/2020/29.1.21പ്രകാരം ഈ പദ്ധതിക്ക് 248703/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ബാക്കി തുകയായ 48297/-രൂപ നാളിതുവരെയും അനർട്ടിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.14/23.7.22) ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുക തിരികെ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അനർട്ടിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

തുക ലഭ്യമാക്കി സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 പ്രളയത്തിൽ തകർന്ന ടോയ്‌ലറ്റുകളുടെ പുനർനിർമ്മാണം-ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചില്ല

നിർവ്വഹണം- സെക്രട്ടറി

പ്രൊജക്ട് നം.482/21പ്രളയത്തിൽ തകർന്ന ടോയ്‌ലറ്റുകളുടെ പുനർനിർമ്മാണം

ടോയ്‌ലറ്റുകളുടെ പുനർനിർമ്മാണത്തിനായി ശുചിത്വമിഷൻ വിഹിതം 6667/- രൂപയും നഗരസഭാവിഹിതം 8333/- രൂപയുമുൾപ്പെടെ 15000/- രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായി താഴെപ്പറയും പ്രകാരമാണ് തുക വകയിരുത്തി തുക ചെലവഴിച്ചിട്ടുള്ളത്

| വിഹിതം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽനം. |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 108329.00 | 24999.00 | 116/25.3.21 |
| ശുചിത്വമിഷൻ ഗ്രാന്റ് | 86671.00 | - | - |
| | 195000.00 | 24999.00 | |

മൂന്ന് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഹിതം അനുവദിച്ചുവെങ്കിലും നാളിതുവരെയും ശുചിത്വമിഷൻ ഫണ്ട് അനുവദിച്ചിട്ടില്ല.

ശുചിത്വ മിഷൻ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.7.2022 ) മുൻവർഷങ്ങളിൽ IHHL പ്രോഗ്രാമിന്റെ ഭാഗമായി അനുവദിച്ച തുകയിൽ ബാക്കിയുള്ള 607962/- രൂപയിൽ നിന്നും അനുവദിക്കുന്നതിന് ശുചിത്വമിഷൻ അറിയിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-34 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

താഴെപ്പറയുന്ന വാഹനങ്ങളാണ് നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്

| വാഹന നമ്പർ | ഉപയോഗം |
|---|---|
| KL51M-1578 | മുനിസിപ്പൽ എഞ്ചിനീയർ- മഹീന്ദ്ര ബൊലേറോ |
| KL51G 4132 | ചെയർമാൻ വാഹനം(ടൊയോട്ട എറ്റിയോസ്) |
| KL51C-2000 | സെക്രട്ടറി(സ്കോർപ്പിയോ) |
| KL51C-3345 | ഖരമാലിന്യസംസ്കരണം(ഗുഡ്സ്) |
| KL51G-4214 | ഖരമാലിന്യ സംസ്കരണം(ട്രാക്ടർ) |

2020-21 വർഷത്തിൽ വാഹനങ്ങളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഡീസൽ | 326321.00 |
| റിപ്പയർ | 156033.00 |
| ആകെ | 482354.00 |

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനങ്ങളുടെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തുന്നില്ല എന്ന് ബോധ്യപ്പെട്ടു.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

പ്രധാന രേഖകളുടെ സൂക്ഷിപ്പ്

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ ഓരോ

വാഹനത്തിന്റേയും വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് Kerala Municipality (Use And Maintenance Of Motor Vehicles) Rules2000, ജി.ഒ. (എം.എസ് )170 / 07 തീയതി 30.06.2007, സർക്കുലർ നം 41/2008/ധനം.തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ റിപ്പയറും രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.

ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-35 മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല

മുൻകൂറായി നൽകുന്ന തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശം ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-35-1 കോവിഡ് പ്രവർത്തനങ്ങൾക്കായി നൽകിയ മുൻകൂർ ക്രമീകരിച്ചില്ല

2020-21 വർഷത്തെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി മുൻകൂർ അനുവദിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ ഈ തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. താഴെ പറയുന്ന അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല

| ക്രമ നം. | ഉദ്ദേശം | നൽകിയത് | തുക | ചെക്ക് നം./തീയതി | ഫയൽ നം. |
|---|---|---|---|---|---|
| 1 | കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പ് | അജീഷ്കുമാർ JHI | 50000.00 | 22000284/26.6.20 | എച്ച്2-4750/2020 |
| 2 | കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പ് | അജീഷ്കുമാർ JHI | 50000.00 | 22000313/3.7.20 | എച്ച്2-4750/2020 |
| 3 | കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പ് | അജീഷ്കുമാർ JHI | 50000.00 | 22000339/7.7.20 | എച്ച്2-4750/2020 |
| 4 | കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പ് | അജീഷ്കുമാർ JHI | 100000.00 | 22000341/9.7.20 | എച്ച്2-4750/2020 |
| 5 | കോവിഡ് | അജീഷ്കുമാർ | 50000.00 | 22000387/22.7.20 | എച്ച്2-4750/2020 |

| | | | | | |
|---|---|---|---|---|---|
| | കെയർ സെന്ററിന്റെ നടത്തിപ്പ് | JHI | | | |
| 6 | കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പ് | അജീഷ്കുമാർ JHI | 200000.00 | 22000341/12.8.20 | എച്ച്2-4750/2020 |

മേൽപ്പറഞ്ഞ തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വൗച്ചർ നമ്പർ സഹിതമുള്ള വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/22.7.22) മേൽതുകകൾ ക്രമീകരിക്കുന്നതിനായി പ്രസ്തുത വ്യക്തിക്ക് നിരവധി തവണ കത്ത് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. അഡ്വാൻസ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ സർക്കാർ ഉത്തരവ് (പി)419/2011 ധനം തീയതി:04.10.2011 പ്രകാരം 18% പലിശ സഹിതം മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മുൻകൂർ തുക ക്രമീകരിക്കുന്നത് വരെ ചെലവ് തുക 500000/- രൂപ തടസപ്പെടുത്തുന്നു.

## 1-35-2 അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല

വാർഷികകണക്ക് പ്രകാരം താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് നൽകിയതിന്റെയും തിരികെ ഈടാക്കിയതിന്റെയും വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ഇനം | തുക |
|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 61000.00 |
| മിസലേനിയസ് അഡ്വാൻസ് | 1103737.00 |
| അഡ്വാൻസ് ടു ഇമ്പ്ലിമെന്റിംഗ് ഏജൻസീസ് | 620000.00 |
| അഡ്വാൻസ് ടു പ്രൊജക്ട്സ് | 2810010.00 |
| അഡ്വാൻസ് ടു അതേർസ് | 62044.00 |
| ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്സ് | 88466.00 |

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35-3 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചുപിടിച്ചില്ല

2020-21 വർഷത്തിൽ നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് 225000/- രൂപയിൽ 221000/- രൂപ ശമ്പളത്തിൽ നിന്ന് ഈടാക്കുകയും 4000/-രൂപ നേരിട്ട് തിരികെ ഈടാക്കുകയും ചെയ്തു. നേരിട്ട് തിരിച്ചടച്ച തുക (രസീത് നം. 120030108062/13.11.20) വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ തിരിച്ചുകിട്ടാനുള്ള തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ മുൻവർഷങ്ങളിൽ നൽകിയതും തിരികെ ഈടാക്കുവാനുള്ളതുമായ 57000/- രൂപ അവശേഷിക്കുന്നു. ഈ തുക ആർക്ക് നൽകിയതാണെന്നുള്ള വിവരം ലഭ്യമല്ല. രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല. 2020-21 അവസാനിക്കുമ്പോഴും ഈ തുക ഈടാക്കാതെ അവശേഷിക്കുന്നുണ്ട്. തുക ഈടാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും സർക്കാർ ഉത്തരവ് (പി)419/2011 ധനം തീയതി:04.10.2011 പ്രകാരം 18% പലിശ സഹിതം മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 വെട്ട്യാറ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടും ഫലപ്രദമായിട്ടില്ല

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വെട്ട്യാറ കുടിവെള്ള പദ്ധതിക്കായി കുഴൽകിണർ കുഴിക്കുകയും മോട്ടാർഷെഡ് സ്ഥാപിക്കുകയും (പ്രോജക്ട് നം 383/21 ചെലവ് 129459 രൂപ ) ചെയ്തിരുന്നു. കൂടാതെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 7.5 Hp മോട്ടോർ വാങ്ങി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | 181/21 വെട്ട്യാറ കുടിവെള്ള പദ്ധതി |
| അടങ്കൽ | തനതു ഫണ്ട് - 100000 |
| ചെലവ് | തനതു ഫണ്ട് -100000 |
| വൗച്ചർ .നം | 22000481/13.08.20-100000/-ചെക്ക് നം 809291/14.08.20 |
| കരാറുകാരൻ | ഹുസൈൻ പവർ പാലസ് കരിങ്കല്ലത്താണി |
| ഇൻവോയ്സ് നം. | 98/03.07.20 -103100/- |

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 5000 ലിറ്റർ പി.വി.സി ടാങ്ക് സ്ഥാപിക്കുകയും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കുടിവെള്ള വിതരണത്തിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. 23.7.2022 ന് നഗരസഭാ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തുകയും കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായി പമ്പിംഗ് നടക്കുന്നതായും , എന്നാൽ 2021-22 വർഷത്തിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കിലേക്ക് വെള്ളം ശേഖരിക്കുവാൻ കഴിയാതെ ഉപയോഗശൂന്യമായിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 ഖണ്ഡിക 3.5.2 (4)) ലെ നിർദ്ദേശാനുസരണം ഒരു ബഹുവർഷ നിർമ്മാണ പ്രോജക്ടിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാകണമെന്നും, മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.ആയതിനു വിരുദ്ധമായി വിവിധ വർഷങ്ങളിലായി വ്യത്യസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ രൂപീകരിച്ചത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്.പ്രവൃത്തി പൂർത്തീകരിച്ചിട്ടും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയിയ്ക്ക് (നം.26/26.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ

* കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

* പ്രോജക്ടിൽ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-37 ജൈവമാലിന്യ സംസ്കരണ പ്ലാന്റ്-പ്രവർത്തിപ്പിക്കുന്നില്ല

നിർവ്വഹണം- സെക്രട്ടറി

പ്രൊജക്ട് നം.474/21(കമ്മ്യൂണിറ്റി ലെവൽ എയ്റോബിക് ബിൻ കമ്പോസ്റ്റ്)

നഗരസഭയിലെ ഡമ്പിംഗ് യാർഡിലും കൈരളി റസിഡൻഷ്യൽ കോളനിയിലും ലക്ഷം വീട് കോളനിയിലും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ഐ.ആർ.ടി.സി മുണ്ടൂരിനെയാണ് നിയോഗിച്ചിട്ടുള്ളത്. പദ്ധതിക്ക് 755000/- രൂപയുടെ സാങ്കേതികാനുമതി ശുചിത്വമിഷനിൽ നിന്ന് ലഭ്യമായിട്ടുണ്ട്. താഴെപ്പറയുന്ന രീതിയിലാണ് ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയത്.

| ഫണ്ടിനം | വകയിരുത്തിയ തുക (₹) |
|---|---|

| | |
|---|---|
| പ്ലാൻ ജനറൽ | 67045.00 |
| കേന്ദ്രഫണ്ട് | 427000.00 |
| സംസ്ഥാനാവിഷ്കൃതം | 284260.00 |
| തനത് ഫണ്ട് | 362145.00 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 79550.00 |
| ആകെ | 1220000.00 |

5m*3m വലിപ്പമുള്ള ഷെഡ് നിർമ്മിച്ച് അതിൽ മാലിന്യസംസ്കരണത്തിനായി 1.20m*1.20mവലിപ്പം വരുന്ന രണ്ട് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ശുചിത്വ മിഷനിൽ നിന്നും നം. 2568/C2/2016/SM തിയതി 1.2.20 പ്രകാരം 755000/- രൂപയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ IRTC മുണ്ടൂരുമായി 20.5.20 ന് ഒപ്പുവെച്ച ധാരണാപത്രം അനുസരിച്ച് അടങ്കൽ തുകയുടെ 50% തുക അഡ്വാൻസായി നല്കുന്നതിനും ആയതിന്റെ 90% വിനിയോഗം സാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക് അടുത്ത ഗഡു (50%) IRTC ക്ക് നൽകേണ്ടതുമാണ്. പ്രവർത്തി 5 മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്. ആയത് പ്രകാരം 1.6.2020 ന് IRTC യുമായി 755000/- രൂപക്ക് 3 സ്ഥലത്ത് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുള്ള മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട സ്ഥലത്ത് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനുപകരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഡമ്പിംഗ് യാർഡിലുമായി രണ്ട് കമ്പോസ്റ്റ് യൂണിറ്റുകളാണ് നിർമ്മിച്ചിട്ടുള്ളത്.



(ചിത്രം- ഡമ്പിംഗ് യാർഡിലെ കമ്പോസ്റ്റ് യൂണിറ്റ് )

2021-22 വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ട് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിച്ചതിന് 506772/- രൂപയുടെ ബിൽ IRTC ലഭ്യമാക്കുകയും പ്രസ്തുത തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2020-21, 2021-22 വർഷങ്ങളിലായി തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | തുക | ബിൽ/ചെക്ക് നം | ഫണ്ട് |
|---|---|---|---|
| 1 | 222498.00 | 22000254/16.6.20 | കേന്ദ്ര ഫണ്ട് |
| 2 | 67045.00 | 31/23.6.20 | വികസനഫണ്ട് |
| 3 | 87957.00 | 22000253/16.6.20 | (സ്റ്റേറ്റ് ഷെയർ) |
| 4 | 19601.00 | 22100670/11.11.21 | തനത് ഫണ്ട് |
| 5 | 30121.00 | 22100671/11.11.21 | സ്റ്റേറ്റ് |
| 6 | 79550.00 | 2121014700090083737O /24.12.21 | സി എഫ് സി |
| ആകെ | 506772.00 | | |

നഗരസഭാ പരിധിയിലുള്ള പ്രദേശങ്ങളിൽ നിന്ന് ജൈവ മാലിന്യങ്ങൾ നഗരസഭ ശേഖരിക്കുന്നില്ല.

അപാകതകൾ

- ഈ പദ്ധതിക്കായി അടങ്കൽ തുകയുടെ 35% തുകയായ 177370/-രൂപയാണ് കേന്ദ്രഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇല്ലതിരുന്നതിനാൽ 45128/- രൂപ കേന്ദ്രഫണ്ടിൽ നിന്നും അധികമായി അനുവദിച്ചു. ഈ തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല
- 3 സ്ഥലങ്ങളിൽ കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടെങ്കിലും രണ്ട് സ്ഥലങ്ങളിലാണ് സ്ഥാപിച്ചത്. അംഗീകരിച്ച എസ്റ്റിമേറ്റ്, ടി എസ് എന്നിവ പ്രകാരം 3 കമ്പോസ്റ്റ് യൂണിറ്റിന് ആവശ്യമായ തുക 755000/- രൂപയാണ്. അതായത് ഒരു യൂണിറ്റിന് 251667/- രൂപയാണ് ചെലവ് വരേണ്ടത്. രണ്ട് യൂണിറ്റ് നിർമ്മിച്ചതിന് അനുവദിക്കാവുന്ന തുക503333/- രൂപയാണെന്നിരിക്കെ 506772/- രൂപ അനുവദിച്ചു. 3439/- രൂപ അധികമായി അനുവദിച്ചു. പ്രസ്തുത തുക IRTC യിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്

കമ്പോസ്റ്റ് യൂണിറ്റിന്റെ നിലവിലെ പ്രവർത്തനം വിലയിരുത്തുന്നതിനായി 23.7.2022 തീയതിയിൽ നഗരസഭയിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ ഡമ്പിംഗ് യാർഡിലെ പ്ലാന്റ് സന്ദർശിക്കുയുണ്ടായി. നിലവിൽ കമ്പോസ്റ്റ് യൂണിറ്റ് ഉപയോഗപ്പെടുത്തുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/25.7.2022) ശുചിത്വമിഷൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച45128/- രൂപ തനത് ഫണ്ടിൽ നിന്ന് ക്രമീകരിക്കുന്നതാണെന്നും I R TC ക്ക് അധികമായി നൽകിയ 3439/- രൂപ തിരികെ ഈടാക്കുന്നതിന് ആവശ്യപ്പെട്ട് 26.7.2022 തീയതിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാന്റിന്റെ നടത്തിപ്പ് ചുമതല ജെ എച്ച് ഐ മാരെ ഏൽപിച്ചിട്ടുണ്ടെന്നും നിലവിൽ നഗരസഭാ ഓഫീസിലെ മാലിന്യങ്ങൾ മാത്രം നിക്ഷേപിച്ച് വളമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1)ശുചിത്വമിഷൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച45128/- രൂപ തനത് ഫണ്ടിൽ നിന്ന് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2)IRTC ക്ക് അധികമായി നൽകിയ 3439/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്

3)മാലിന്യപ്ലാന്റ് പ്രവർത്തിപ്പിച്ച് ഉപയോഗപ്രദമാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. യൂണിറ്റിൽ നിന്ന് ജൈവവളം ഉൽപാദിപ്പിച്ചു തുടങ്ങുമ്പോൾ ജൈവവളം വിൽപന നടത്തുന്നതിന് നിയമാവലി ഉണ്ടാക്കേണ്ടതും തുക നിശ്ചയിക്കേണ്ടതുമാണ്. ജൈവവളം വിൽപന നടത്തുന്നത് മൂലമുള്ള വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ടിംഗ് ചെയ്യേണ്ടതാണ്.

## 1-38 എം.സി.എഫ്, ആർ.ആർ.എഫ്. എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതാണ്

2020-21 സാമ്പത്തിക വർഷം മാലിന്യ ശേഖരിക്കുന്നതിന്റെ ആവശ്യത്തിലേക്കായി എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയ്ക്കായി നഗരസഭ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ (₹) | | ചെലവ് (₹) | |
|---|---|---|---|---|
| | തുക | ഫണ്ടിനം | തുക | ബിൽ നം./തീയതി |
| 264/21, എം.സി.എഫ് (സ്റ്റീൽ ഓവർ) | 575000.00 | (160225- ധനകാര്യ കമ്മീഷൻ അവാർഡ്, 201250- കേന്ദ്രാവിഷ്കൃത | 490179.00 | (160225-104/ 4.12.20 201250-220000/ 30.4.20, 128704-22000075/ 30.4.20 ) |

| | | | | |
|---|---|---|---|---|
| | | ഫണ്ട്, 133975-സംസ്ഥാനവിഹിത ഫണ്ട്, 79550-തനത് ഫണ്ട്) | | |
| 265/21, ആർ.ആർ.എഫ് (സ്പിൽ ഓവർ) | 840000.00 | (190055-വികസന ഫണ്ട്-ജനറൽ, 160225-ധനകാര്യ കമ്മീഷൻ അവാർഡ്, 294000-കേന്ദ്രാവിഹിത ഫണ്ട്, 195720-സംസ്ഥാനവിഹിത ഫണ്ട്) | 713298.00 | (190055-2924.4.20, 160225-11331.12.20, 294000-22000076/30.4.20, 69018-22000077/30.4.20,) |
| ആകെ | 1415000.00 | ആകെ | 1203447.00 | |

നഗരസഭയിലെ 33 വാർഡുകളിലെ വീടുകളിൽ നിന്നും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 33അംഗങ്ങളുള്ള ഹരിത കർമ്മസേന മാലിന്യങ്ങൾ ശേഖരിക്കുകയും എം. സി.എഫിൽ എത്തിച്ച് തരം തിരിച്ച് അവിടെ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ആർ.ആർ.എഫിലേക്ക് മാറ്റുകയും ചെയ്യുന്നു.

നഗരസഭ ഓഫീസിനോടു ചേർന്നുള്ള കമ്മ്യൂണിറ്റി ഹാളിന്റെ ഒരു ചെറിയ റൂമിലാണ് നിലവിൽ ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. മാലിന്യങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി നിർമ്മിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിലവിൽ മുഴുവനായും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ അവസ്ഥയിലാണ്.



പ്ലാസ്റ്റിക് കളക്ഷൻ, ഷ്രെഡ്ഡിങ്ങ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി 713298 രൂപ ചെലവഴിച്ച് ഡംമ്പിംഗ് യാർഡിൽ സ്ഥാപിച്ച ആർ.ആർ.എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) സെന്റർ ഇപ്പോൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാതെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുവാനാണ് ഉപയോഗിക്കുന്നത്. ആയതിനാൽ നിർമ്മിച്ച കെട്ടിടത്തിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (27/26.07.2022) ക്ക് കേടുവന്ന ഷ്രഡിംഗ് യൂണിറ്റ് റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും, ബെയിലിംഗ് യൂണിറ്റ് റിപ്പയർ ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ കെട്ടിടങ്ങൾ MCF (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ആയാണ് കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതെന്നും, കെട്ടിടത്തിൽ ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഷ്രഡ്ഡിംഗ് യൂണിറ്റ് കപ്പാസിറ്റിയുടെ പരമാവധി പ്രവർത്തിച്ചാൽ പ്രതിദിനം 250 കിലോഗ്രാം പ്ലാസ്റ്റിക് മാത്രമാണ് പ്രോസസ്സ് ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ മുഴുവൻ കപ്പാസിറ്റിയും നിലവിൽ ഉപയോഗിക്കുന്നില്ല. പ്ലാസ്റ്റിക് മാലിന്യം ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കായി മാറ്റുന്നതിന് ഷ്രെഡിംഗ് യൂണിറ്റിന്റെയും, ബെയിലിംഗ് യൂണിറ്റിന്റെയും കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതും RRF നായി നിർമ്മിച്ച കെട്ടിടം ഈ ആവശ്യത്തിലേക്ക് തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് യഥാസമയം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-39 പൊതു ടോയ്‌ലെറ്റ് നിർമ്മാണം- എല്ലാ ടോയ്‌ലെറ്റുകളും ഉപയോഗയോഗ്യമാക്കിയിട്ടില്ല

പൊതു ടോയ്‌ലെറ്റ് നിർമ്മാണത്തിന് ചെലവഴിച്ച തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് (₹) | ബിൽ നം.&തീയതി/ വൗച്ചർ നം. |
|---|---|---|---|
| 224/21, പബ്ലിക്ക് ടോയ്ലെറ്റ് നിർമ്മാണം (സ്പിൽ ഓവർ 404/19, 433/20) | 1764000.00 (ധനകാര്യ കമ്മീഷൻ അവാർഡ്- 400000, കേന്ദ്രാവിഷ്കൃത ഫണ്ട്- 1176012, തനത് ഫണ്ട്- 187988) | 1490893.00 (ധനകാര്യ കമ്മീഷൻ അവാർഡ്- 400000, തനത് ഫണ്ട്- 545447 കേന്ദ്രാവിഷ്കൃത ഫണ്ട്- 545446) | 32/19.5.20- ₹400000, 22000221/4.6.20- ₹545447, 22100133/25.6.21- ₹545446 |

മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ മേൽ പറഞ്ഞ പദ്ധതി പ്രകാരം 14,90,893 രൂപ ചെലവഴിച്ചതിൽ വകയിരുത്തിയ സ്വച്ചഭാരത് മിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ 5,45,447/- രൂപ തനത് ഫണ്ടിൽ നിന്നും നഗരസഭാ കൗൺസിൽ തീരുമാനം നം.18/20.05.20 പ്രകാരം ചെലവഴിക്കുന്നതിന് അനുമതിയും സ്വച്ചഭാരത് മിഷൻ ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സ്വച്ചഭാരത് മിഷന്റെ 07.04.2021 ലെ 2924/D1/2020/SM നമ്പർ ഉത്തരവ് പ്രകാരം ഫണ്ട് ലഭ്യമായിട്ടും നാളിതുവരെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല.

പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

18 ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടുള്ളതിൽ കച്ചേരിക്കുന്ന് വില്ലേജ് ഓഫീസിനു സമീപത്തായി നിർമ്മിച്ചിട്ടുള്ള 2 ടോയ്‌ലറ്റുകൾ വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം പ്രവർത്തനക്ഷമമായിട്ടില്ലെന്ന് കാണാൻ കഴിഞ്ഞു. ഇതിൽ വാട്ടർകണക്ഷൻ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ഹൈസ്കൂളിൽ സ്ഥാപിച്ചിട്ടുള്ള 10 ടോയ്‌ലറ്റുകളിൽ ടോയ്‌ലറ്റിന്റെ ചില വാതിലുകൾ ഇളകിയ അവസ്ഥയിലും, സ്റ്റെപ്പിൽ സ്ഥാപിച്ച ടൈലുകൾ പൊട്ടിയ നിലയിലും കാണപ്പെട്ടു. ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ച 3 ടോയ്‌ലറ്റുകളിൽ സ്റ്റെപ്പിൽ സ്ഥാപിച്ച ടൈലുകൾ പൊട്ടിയ നിലയിലും, ടോയ്ലെറ്റിന്റെ പുറമെയുള്ള പ്ലാസ്റ്ററിംഗ് ചില ഭാഗങ്ങളിൽ അടർന്നു വീണ അവസ്ഥയിലും കാണപ്പെട്ടു. സി.എച്ച്.സി-യിൽ നിർമ്മിച്ച 3 ടോയ്‌ലറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായും ബോധ്യപ്പെട്ടു.



(ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മിച്ച ടോയ്ലെറ്റ് )



(ഹൈസ്കൂളിൽ നിർമ്മിച്ച ടോയ്ലെറ്റ്)



(കച്ചേരിക്കുന്ന് വില്ലേജ് ഓഫീസിന് സമീപം നിർമ്മിച്ച ടോയ്ലെറ്റ് )

കച്ചേരിക്കുന്ന് വില്ലേജ് ഓഫീസിനു സമീപത്തായി നിർമ്മിച്ചിട്ടുള്ള 2 ടോയ്ലറ്റുകളിലും, സി.എച്ച്.സി യിൽ നിർമ്മിച്ച 3 ടോയ്ലറ്റുകളിലും 2021-22 വർഷത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ പിന്നെയും ചെലവഴിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പ്രവർത്തനക്ഷമമല്ലാത്ത ടോയ്ലെറ്റുകൾ ഉപയോഗയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2019-20 വർഷത്തിൽ പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് (ടോയ്ലെറ്റുകൾക്ക്) GO(P)No.161/2019/Fin, Dated.25.11.2019 പ്രകാരം Defect Liability Period 60 മാസമാണ്. ആയതിനാൽ അറ്റകുറ്റപ്പണി ആവശ്യമായ ടോയ്ലെറ്റുകൾ കരാറുകാരന്റെ ഉത്തരവാദിത്തൽ റിപ്പയർ ചെയ്യുകയും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-40 തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ നടപടിക്രമം പാലിക്കാതെ AMC നൽകി

എ) ചെലവ് വിവരങ്ങൾ

ചെലവ്- ₹548708/-

( കരാറുകാരന് നൽകിയ തുക-526761/-

Vr No.22000881/2.2.21,

KCWWF-5487-Vr No.22000886/3.2.2021,

IT-Vr No.22000887/3.2.21-5487,

GST-10974-32000232/3.2.21)

ബി) എ.എം.സി നൽകിയതിലെ അപാകതകൾ

ടെണ്ടർ നടപടികൾ സ്വീകരിക്കാതെ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി നൽകിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മുൻ വർഷം നൽകിയ എ.എം.സിയുടെ കാലാവധി സെപ്റ്റംബർ 2019 ന് അവസാനിക്കുമെന്നറിഞ്ഞിട്ടും അതിനു മുമ്പ് തന്നെ പുതിയ എ.എം.സി നൽകുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നിലവിൽ എ.എം.സി ക്കായി കരാർ ഏറ്റെടുത്ത സുരേഷ് ബാബു.കെ.കെ, അദ്വൈത് അസോസിയേറ്റ്സ്, കടമ്പഴിപ്പുറത്തെയാണ് ഏൽപ്പിച്ചത്.

2)ടെണ്ടർ നടപടികൾ സ്വീകരിക്കാതെ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി നൽകിയതുമായി ബന്ധപ്പെട്ട് കരാർ ചമച്ചതിൽ കരാറിന്റെ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കരാർ ചമച്ചതിന്റെ നമ്പർ, തീയതി എന്നിവ ചേർത്തിട്ടില്ല.

3)തെരുവ് വിളക്ക് അറ്റകുറ്റപണി ചെയ്തതിന്റെ ഇൻവോയിസ് (നം.ADV-2020-21-12/10.04.2020) ലഭ്യമാക്കിയതിൽ GST ഉൾപ്പെടുത്തിയിട്ടില്ല. എന്നിട്ടും GST സോഴ്സിൽ നിന്നും കുറവ് ചെയ്തു അടവാക്കി.

4) നിർമ്മാണ പ്രവൃത്തിയല്ലാത്ത തെരുവ് വിളക്ക് പരിപാലനത്തിന് KCWWF തുക കുറവ് ചെയ്തു.

5) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 316 ലെ 1 മുതൽ 4 വരെയുള്ള ഉപവകുപ്പുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുക എന്ന മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ. ഉ.(കൈ) നം. 17/2018/തസ്വഭവ, തീയതി.02.02.2018 പ്രകാരം മുനിസിപ്പാലിറ്റികൾക്കുള്ള 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.5.1(3) പ്രകാരം അനിവാര്യ ചുമതലകൾക്കുള്ള തുക ബജറ്റിൽ മാറ്റിവെച്ചതിന് ശേഷം തനത് ഫണ്ടിൽ നിന്നും പ്രോജക്ടുകൾ രൂപീകരിച്ചാൽ മതിയെന്ന് വ്യക്തമാക്കിയിരിക്കെ തെരുവ് വിളക്ക് പരിപാലനത്തിന് പുതുതായി പ്രോജക്ട് തയ്യാറാക്കി DPC അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം വരുമെന്ന് പറഞ്ഞത് (കൗൺസിൽ തീരുമാനം നം.18/5.1.2021) ക്രമപ്രകാരമല്ല.

ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കരാർ നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (39/27.07.2022) ക്ക് മറുപടി നൽകിയില്ല.

ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് എ.എം.സി നൽകിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ പരിഹരിച്ച് ടെണ്ടർ നടപടികളിലൂടെ മാത്രമെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് എ.എം.സി നൽകാവൂ.

1-41 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്-പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 395 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 231 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 77844610/- രൂപയിൽ 49107135/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 63.08% മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

മുൻവർഷം ക്യൂവിൽ ആയ ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നതിന് കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. GST ഉൾപ്പെടാത്ത തുകയിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന നിർദ്ദേശത്തിനു വിരുദ്ധമായി ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തുന്നത്.

8. ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികളുടെ കാലി ബാരലുകളുടെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നുണ്ടെങ്കിലും ആയവയുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.24/25.7.2022)

1-42 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കാത്തത് ഓഡിറ്റ് വേളയിൽ ഈടാക്കി

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി

വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 301/21, പെരണ്ടമണ്ണ കടവ് കുളിക്കടവ് നിർമ്മാണം (SO.44/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 99768 (ചെക്ക് നം.282623/10.3.21-98021, 5193536/10.3.21-750, 5193537/10.3.21-997)<br>APAC- 88922.75 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.ബാബു.പി<br>എഗ്രിമെന്റ് നം. 24/AE/LSGD /CPY/20-21<br>Dt.15.05.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 18.3.20 | 31.3.19 | 15.5.20 | 1000.00 |
| 2 | 300/21, കുണ്ടുപുറം റോഡ് കോൺക്രീറ്റ് (SO.33/20)<br>അടങ്കൽ -150000 (തനത് ഫണ്ട്)<br>ചെലവ്- 150000 (ചെക്ക് നം.5193573/16.8.21-147000, 5193536/10.3.21-1500, 5193575/16.8.21-1485, സർവീസ് ചാർജ്-15)<br>APAC- 133136.36 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് മുസ്തഫ.എം<br>എഗ്രിമെന്റ് നം. 27/AE/LSGD /CPY/20-21<br>Dt.18.05.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 20.3.20 | 2.4.19 | 18.5.20 | 1331.00 |

| | | | | | |
|---|---|---|---|---|---|
| 3 | 331/21, പുളിക്കൽ റോഡ് കോൺക്രീറ്റ് (SO.125/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (ചെക്ക് നം.809276/30.7.20-98000, 5193503/18.8.20-1000, 5193501/18.3.20-1000)<br>APAC- 89181.77 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.അബ്ദുൾ ബഷീർ<br>എഗ്രിമെന്റ് നം. 9/AE/LSGD /CPY/20-21<br>Dt.22.04.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 20.3.20 | 2.4.19 | 22.4.20 | 1000.00 |
| 4 | 330/21, ഉങ്ങിൻതറ ലക്ഷം വീട് റോഡ് കോൺക്രീറ്റ്<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (വൗച്ചർ നം.22000437/30.7.20-98000, 22000493/18.8.20-1000, 22000491/18.3.20-1000)<br>APAC- 89181.77 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.അബ്ദുൾ ബഷീർ.എൻ<br>എഗ്രിമെന്റ് നം. 8/AE/LSGD /CPY/20-21<br>Dt.22.04.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 20.3.20 | 2.4.19 | 22.4.20 | 1000.00 |
| 5 | 303/21, മേലേടത്ത് മന റോഡ് കോൺക്രീറ്റ് (SO.50/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (ചെക്ക് നം.554772/30.9.20)<br>APAC- 88863.27(ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് ഇക്ബാൽ<br>എഗ്രിമെന്റ് നം. 24/AE/LSGD /CPY/20-21<br>Dt.15.05.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 22.3.20 | 4.4.19 | 22.4.20 | 1000.00 |
| 6 | 304/21, എഴുപതി റോഡ് കോൺക്രീറ്റ് (SO.52/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (ചെക്ക് നം.237302/10.3.21) | 18.3.20 | 31.3.19 | 22.4.20 | 1000.00 |

| | | | | | |
|---|---|---|---|---|---|
| | APAC- 89181.77 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് ഇക്ബാൽ<br>എഗ്രിമെന്റ് നം. 13/AE/LSGD /CPY/20-21<br>Dt.22.04.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | | | | |
| 7 | 306/21, അമ്പലവട്ടം മേലെമഠം റോഡ് കോൺക്രീറ്റ് (SO.61/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (ചെക്ക് നം.6193573/10.8.21)<br>APAC- 88886.16 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് ബഷീർ.കെ.ടി<br>എഗ്രിമെന്റ് നം. 15/AE/LSGD /CPY/20-21<br>Dt.24.04.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 25.3.20 | 7.4.19 | 22.4.20 | 1000.00 |
| 8 | 306/21, സലഫി ഇല്ലിക്കോട്ടുകുറുശ്ശി (SO.97/20)<br>അടങ്കൽ -100000 (തനത് ഫണ്ട്)<br>ചെലവ്- 100000 (ചെക്ക് നം.282623/10.3.21)<br>APAC- 88863.27 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.റഹീം.കെ.വി<br>എഗ്രിമെന്റ് നം. 10/AE/LSGD /CPY/20-21<br>Dt.24.04.2020<br>ഭരണ സമിതി തീരുമാനം : 18.03.2020, തീരുമാനം നം.23 | 19.3.20 | 1.4.19 | 22.4.20 | 1000.00 |
| ആകെ | | | | | 8331.00 |

മേൽ പറഞ്ഞ പദ്ധതികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/23.07.2022) ക്ക് മറുപടിയായി കരാറുകാരനിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കി രസീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കി.

പിഴ തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പിഴ അടവാക്കിയ കരാറുകാരൻ | രസീതി നം./തീയതി | തുക (₹) |
|---|---|---|---|
| 1 | ബാബു.പി | 01/122030103450 /27.7.2022 | 1000.00 |
| 2 | മുഹമ്മദ് മുസ്തഫ.എം | 01/122030103439 /27.7.2022 | 1331.00 |

| | | | |
|---|---|---|---|
| 3 | അബ്ദുൾ ബഷീർ | 01/122030103440 /27.7.2022 | 1000.00 |
| 4 | അബ്ദുൾ ബഷീർ | 01/122030103441 /27.7.2022 | |
| 5 | മുഹമ്മദ് ഇക്ബാൽ | 01/122030103437 /27.7.2022 | 1000.00 |
| 6 | മുഹമ്മദ് ഇക്ബാൽ | 01/122030103438 /27.7.2022 | 1000.00 |
| 7 | മുഹമ്മദ് ബഷീർ.കെ.ടി | 01/122030103442 /27.7.2022 | 1000 |
| 8 | റഹീം.കെ.വി | 01/122030103446 /27.7.2022 | 1000.00 |

പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് നൽകുമ്പോൾ തന്നെ കരാറുകാരനിൽ നിന്നും PWD മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-43 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ഈടാക്കാത്തത് ഓഡിറ്റ് വേളയിൽ അടവാക്കി

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 212/21, കുളിയാട് കുടിവെള്ള പദ്ധതി

അടങ്കൽ - ₹600000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - ₹549635 {152/3.3.2021}

PAC- ₹475784.64

കരാറുകാരൻ - ശ്രീ. കെ.വി.റഹീം.

എഗ്രിമെന്റ് നം.: 70/AE/LSGD/CPY MUN/20-21/10-06-2020

അളവു പുസ്തകം നം.- 237/20-21

പൂർത്തീകരണ കാലാവധി - 09.10.2020 (4മാസം-As Per TS)

പൂർത്തീകരിച്ച തിയതി- 08.12.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹14274 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹14274/-

2) 382/21, ശിശുമന്ദിരം അറ്റകുറ്റപ്പണി (SO.466/20)

അടങ്കൽ - ₹216661 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - ₹216661 {71/29.09.2020}

PAC- ₹193169.17

കരാറുകാരൻ - ശ്രീ. മുഹമ്മദ് ഇക്ബാൽ.കെ.ടി

എഗ്രിമെന്റ് നം.: 111/AE/LSGD/CPY MUN/20-21/26-02-2020

അളവു പുസ്തകം നം.- 122/20-21

പൂർത്തീകരണ കാലാവധി - 25.05.2020 (3 മാസം-As Per TS)

പൂർത്തീകരിച്ച തിയതി- 20.06.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹5795 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹5795/-

3) 127/21, ആലച്ചിപള്ളിയാലിൽ റോഡ് റീടാറിംഗ്

അടങ്കൽ - ₹490000 (മെയിന്റനൻസ് ഫണ്ട്- റോഡ്)

ചെലവ് - ₹489820 {154/12.03.2020}

PAC- ₹ 437183.72

കരാറുകാരൻ - ശ്രീ. ലിയാക്കത്തലി

എഗ്രിമെന്റ് നം.:56/AE/LSGD/CPY MUN/20-21/09-06-2020

അളവു പുസ്തകം നം.- 243/20-21

പൂർത്തീകരണ കാലാവധി - 08.12.2020 (3 മാസം-As Per TS)

പൂർത്തീകരിച്ച തിയതി- 04.03.2021

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹13116 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹13116/-

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/23.07.2022) ക്ക് മറുപടിയായി മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരനിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കി.

ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പിഴ അടവാക്കിയ കരാറുകാരൻ | രസീതി നം./തീയതി | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | റഹീം.കെ.വി | 01/122030103447 /27.7.2022 | 14274.00 |
| 2 | മുഹമ്മദ് ഇക്ബാൽ.കെ.ടി | 01/122030103477 /27.7.2022 | 5795.00 |
| 3 | ലിയാക്കത്തലി | 01/122030103443 /27.7.2022 | 13116.00 |

പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് നൽകുമ്പോൾ തന്നെ കരാറുകാരനിൽ നിന്നും PWD മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-44 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോകനം

എ) പദ്ധതിയുടെ ലക്ഷ്യം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക്, ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കാവുന്ന എല്ലാ പ്രവൃത്തികളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും ഏറ്റെടുക്കാവുന്നതാണ്. നഗരങ്ങളിലെ മാലിന്യ സംസ്കരണവും അനുവദനീയമായ പ്രവൃത്തിയാണ്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള, അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകരെയും പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പ് ഫണ്ടിൽ നിന്നും നൽകുന്നുണ്ട്.

ബി) ചെലവ് വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹2757021.00 |
| വരവ് | ₹5,109,709.00 |
| ആകെ | ₹7866730.00 |
| ചെലവ് | ₹7139011.00 |
| നീക്കിരയിരുപ്പ് | ₹727719.00 |

സി) പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട വിവരം

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്റ്റിന്റെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | വിവിധ റോഡുകളുടെ അരികുചാൽ നവീകരണം | 61 | 2949424.00 |
| 2 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം (വിവിധ വെള്ളച്ചാൽ, തോടുകൾ), നീർച്ചാൽ വൃത്തിയാക്കൽ | 16 | 1105114.00 |
| 3 | പി.എം.എ.വൈ ഭവന നിർമ്മാണം | 133 | 2588050.00 |

| | | | |
|---|---|---|---|
| 4 | വരൾച്ചാ നിവാരണം (താൽകാലിക തടയണ നിർമ്മാണം) | 1 | 47590.00 |
| | ഭരണ ചെലവുകൾ | 0 | 448833.00 |
| | ആകെ | 211 | 7139011.00 |

മേൽ പറഞ്ഞ പദ്ധതികൾ പരിശോധിച്ചതിൽ കാർഷിക പദ്ധതികൾ, ക്ഷീര കർഷകരെ ഉൾപ്പെടുത്തിയ പദ്ധതികൾ എന്നിവ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല ഇടങ്ങിയവ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (32/26.07.2022) ക്ക് മറുപടിയായി 2020-21 വർഷത്തിൽ ആക്ഷൻ പ്ലാനിൽ ഇല്ലാത്തതിനാലാണ് കാർഷിക പദ്ധതികളും, ക്ഷീരകർഷകർക്കുള്ള പദ്ധതികളും നടപ്പിലാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഡി) ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ

1)കാർഷിക പദ്ധതികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

2)തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3)ആകെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ 50% വനിതകളായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4)മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവയ്ക്ക് പുറമെ ക്ഷീര കർഷകരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## 1-45 പി.എം.എ.വൈ ഭവന പദ്ധതി- അവലോകനം

എ) ഗുണഭോക്താക്കളുടെ വിവരം

| ഡി.പി.ആർ/ അംഗീകരിച്ച തീയതി | ഗുണഭോ ക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണഭോ ക്താക്കൾ | ആദ്യ ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നാലാം ഗഡു & നിർമ്മാണം പൂർത്തീക രിച്ചവർ |
|---|---|---|---|---|---|---|
| 1 (21.3.2017) | 100 | 100 | 100 | 100 | 100 | 95 |
| 2 (29.11.2017) | 328 | 328 | 328 | 324 | 320 | 271 |
| 3 (25.2.2019) | 207 | 205 | 205 | 193 | 175 | 113 |
| 4 (8.7.2020) | 150 | 0 | 0 | 0 | 0 | 0 |
| ആകെ | 785 | 633 | 633 | 617 | 595 | 479 |

2020-21 സാമ്പത്തിക വർഷം വരെ കരാർ ചമച്ച 633 പി.എം.എ.വൈ ഗുണഭോക്താക്കളിൽ 479 മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ബാക്കി 154 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നഗരസഭ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) നാളിതവരെ ലഭ്യമായ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| ഫണ്ട് | വരവ് (In Lakhs) | ചെലവ് (In Lakhs) | നീക്കിയിരിപ്പ് (In Lakhs) |
|---|---|---|---|

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃതം & സംസ്ഥാനാവിഷ്കൃതം | 1229 | 1215.56 | 13.44 |
| നഗരസഭാ വിഹിതം | 252.69 | 246.62 | 6.07 |
| ഹഡ്കോ ലോൺ | 878 | 878 | 0 |
| ആകെ | 2359.69 | 2340.18 | 19.51 |

ഓഡിറ്റിന് ഹാജരാക്കിയ കണക്കുകൾ പ്രകാരം 2020-21 വരെ ലഭ്യമായ തുകകൾ ചെലവഴിച്ചതിന് ശേഷമുള്ള നീക്കിയിരിപ്പ് 19.51 ലക്ഷം രൂപയാണ്. എന്നാൽ PMAY വരവ് -ചെലവ് ആവശ്യത്തിനുവേണ്ടിയുള്ള 2 ബാങ്ക് അക്കൗണ്ടുകളിൽ ആകെയുള്ള നീക്കിയിരിപ്പ് തുക 37.06 ലക്ഷം രൂപയാണ്. 17.55 ലക്ഷം രൂപയുടെ വ്യത്യാസം വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (33/26.07.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന 154 (633-479) ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-46 "സർഗ്ഗവേദി ക്യാംപ്" -പദ്ധതി നടപ്പിലാക്കുന്നതിന് നിയുക്തനായ നിർവ്വഹണോദ്യോഗസ്ഥനെ ഒഴിവാക്കി.

2019-20 വർഷം നടപ്പിലാക്കിയ "കുട്ടികളുടെ സർഗ്ഗവേദി ക്യാംപ്" എന്ന പ്രോജക്ടിന്റെ നിർവ്വഹണം ഭരണസമിതി തീരുമാനം 2(1) തിയ്യതി 24-12-2018 പ്രകാരം പ്രിൻസിപ്പാൾ,ജി.എച്ച്.എസ്.എസ് ചെർപ്പുളശ്ശേരിയെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇതനുസരിച്ച് 125000/- രൂപ ചെലവു വന്ന പ്രസ്തുത പ്രോജക്ട് നിർവ്വഹിക്കുന്നതിനായി അത്രയും തുക വൗ.നം. 21900735 (ചെക്ക് നം. 144314/19-12-19) പ്രകാരം പ്രിൻസിപ്പാൾ ശ്രീ.കെ.എം.മുഹമ്മദ് മുബാറക്കിന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ പ്രിൻസിപ്പാളിന്റെ അഭ്യർത്ഥന മാനിച്ച് അദ്ദേഹത്തെ നിർവ്വഹണോദ്യോഗസ്ഥിന്റെ പദവിയിൽനിന്ന് നീക്കം ചെയ്ത് പകരം നഗരസഭയിലെ ജെ.എച്ച്.ഐ ഗ്രേഡ് 1 ആയ ശ്രീ.വി.കെ.അജീഷ് കുമാറിനെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ചെയർമാന്റെ മുൻകൂർ അനുമതി മാത്രമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. നേരത്തെ പാസ്സാക്കിയ പേമെന്റ് ക്യാൻസൽ ചെയ്ത് വൗ.നം. 21900770 (ചെക്ക് നം. 144320/20-12-19) പ്രകാരം തുക ശ്രീ.അജീഷ് കുമാറിന് നൽകുകയും ചെയ്തു.

ഇപ്രകാരം നൽകിയ തുക 2019-20 സാംപത്തിക വർഷത്തിന് പകരം 2020-21 വർഷമാണ് സാംഖ്യ, സുലേഖ എന്നിവയിൽ ബുക്ക് ചെയ്തതായി കാണിച്ചിട്ടുള്ളത്. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അതോടൊപ്പം വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് ഇതുമായി ബന്ധമില്ലാത്ത നഗരസഭാ ജീവനക്കാരനെ ഏൽപിച്ചതിന്റെ കാരണവും ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/26-7-2022 ന് മറുപടി ഒന്നും ലഭിച്ചില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ അടവാക്കേണ്ടതാണ്.

കെ.എസ്.ഇ.ബി, ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി

ചാർജ്ജ് ( കൺസ്യൂമർ നം.1165413028269) അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയതായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം | തുക | ഇൻവോയ്സ് നം. | ബിൽ കാലയളവ് | വൈദ്യുതി ചാർജ്ജ് | പിഴ | ആകെ |
|---|---|---|---|---|---|---|---|
| 1 | 22000833/ 19.01.21 | 256031/- | 654120 1208365 | 12/2020 | 176866/- | 4710/- | 181576/- |
| 2 | 22000779/ 04.01.21 | 200002/- | 654120 1102544 | 11/2020 | 176866/- | 2879/- | 179745/- |
| 3 | 22001097/ 18.03.21 | 209386/- | 654121 0306979 | 03/2021 | 176866/- | 2896/- | 179762/- |
| | | | ആകെ | | 530598/- | 10485/- | 541083/- |

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും, എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമാണ് വൈദ്യുതി ചാർജ്ജ് അടവാക്കൽ. തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ, യഥാസമയം തുക അടവാക്കാത്തതിനാലാണ് പിഴ വന്നത്. പിഴയോടുകൂടി തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/26.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 10485/- രൂപ തനതു ഫണ്ടിൽ തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 18.07.2022 മുതൽ 26.07.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രൊജക്ട് നമ്പരും, പ്രവൃത്തിയുടെ പേരും | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 263/21, കോട്ടപ്പടി | 7/30.4.20 | 142160/- | - | 142160/- |

| | | | | | |
|---|---|---|---|---|---|
| | പെരീരി കുടിവെള്ള പദ്ധതിക്ക് വൈദ്യുത ലൈൻ വലിക്കലും കണക്ഷൻ എടുക്കലും | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 6000000 രൂ. വരവുള്ളത് വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO Loan | | 6000000.00 | 76320000.00 | 6786667.00 | | 75533333.00 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന പരാമർശങ്ങൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 9-5-2018 ന് പരിഗണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ/ ശുപാർശ |
|---|---|---|---|---|---|
| 1999-00 | 3.25 | 2005-06 | 2.54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി | വെറ്റി.സർജ്ജൻ ഡോ.ശശികലാദേവി ബഹു. ഹൈക്കോടതിയിൽ നൽകിയ കേസ് ത്വരിതപ്പെടുത്തി കോടതി വിധി പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. (2014-16, 35th Report Pg-23 Para 44) |
| 2000-01 | 3-24 | 2005-06 | 2.54.2 | മാനവീയം വിഷ്വൽ ഡോക്യൂമെന്ററി ലക്ഷ്യം നേടിയില്ല | സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കണം. (2014-16, 35th Report Pg-24 Para 46) |
| 1999-00 | 3-22 | 2005-06 | 2.54.3 | ഡ്രൈനേജ് സെപ്റ്റിക് ടാങ്ക് നിർമ്മാണം പരിധി ലംഘിച്ച് ടെണ്ടർ അധികം | ടെണ്ടർ അധികം അനുവദിച്ചത് ഒഴിവാക്കി. ഈടാക്കേണ്ടത് വിൽപ്പന നികുതി - 27840/- എക്സ്ട്രാ ഐറ്റം |

| | | | | | |
|---|---|---|---|---|---|
| | | | | | വേലകൾക്ക് നൽകിയ ടെണ്ടർ അധികം - 82228/-<br>ഫൈൻ - 48000/- എന്നിവ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>(2014-16, 35th Report<br>Pg- 26, 27<br>Para 51,52,53) |
| 2000-01 | 3-22 | 2005-06 | 2.54.4 | വട്ടി, കൊട്ട, പനമ്പ് നിർമ്മാണം ധനസഹായ മാക്കി | ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ച് അന്വേഷണ<br>റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.<br>(2014-16,35th Report<br>Pg-28 Para 57) |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 39337997.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 173612333.00 |
| ആകെ | 212950330.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 179953984.00 |
| നീക്കിയിരിപ്പ് | 32996346.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10485.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,00,000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 10485/- | 1. ശ്രീ. ഷിനോജ്. വി.എസ്, (അസി.എഞ്ചിനീയർ), സെക്രട്ടറി-ഇൻ-ചാർജ്ജ്-7589/-<br>2. ശ്രീ.നൗഷാദ്.എ സെക്രട്ടറി -2896/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35(1) | 500000.00 | സിനി.ടി.എൻ, സെക്രട്ടറി |
| ആകെ | 500000.00 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിനോജ്. വി.എസ്. (അസി.എഞ്ചിനീയർ) സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി.എഞ്ചിനീയർ, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം | വെട്ടിപ്ലായിൽ ഹൗസ്, ഏനനല്ലൂർ, കലമ്പൂർ, മൂവാറ്റുപുഴ, എറണാകുളം ജില്ല-686673 |
| ശ്രീ.നൗഷാദ്.എ സെക്രട്ടറി | സെക്രട്ടറി, പുനലൂർ നഗരസഭ | ചാരുവിള പുത്തൻവീട്, ഭാരതിപുരം (പി.ഒ) പാതാടി, കൊല്ലം ജില്ല-691330 |
| സിനി ടി.എൻ സെക്രട്ടറി | സെക്രട്ടറി, നോർത്ത് പരവൂർ നഗരസഭ | നവമാലിക, എടക്കാട് പി.ഒ പോരുവഴി കൊല്ലംജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവസാന കത്തിന്റെ വിവരം |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01 /11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09 /23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04 /3.12.2004 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2000-01 | എൽ എഫ് പി 12-1016/06 /8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10 /28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11 /7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09 /11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11 /14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11 /14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11 /14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12 /3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12 /3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13 /19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13 /19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12-2362/14 /15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15 /07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി. 12/42/2016 /21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി.12/134 /2017/4-4-2018 | ഫർദർ റിമാർക്സ് |
| 2016-17 | നം.കെ.എസ്.എ-പികെഡി. 22/2039/2017/4-8-2018 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി.22/641/2019 തിയ്യതി : 17.05.2019 | മുഴവൻ ഖണ്ഡികകളും |
| 2018-19 | 22/514/2020 തിയ്യതി : 4.6.2020 | മുഴവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ് . എ. പി.കെ.ഡി. 22/1785/21തിയ്യതി : | മുഴവൻ ഖണ്ഡികകളും |

| | | | |
|---|---|---|---|
| | | 18.06.2022 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Cherpulassery Municipality RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 39337997.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2717315.00 |
| 130000000 | Rental income from Panchayat Properties | RP-3 | 11500.00 |
| 140000000 | Fees & User Charges | RP-4 | 2305576.00 |
| 150000000 | Sale & Hire Charges | RP-5 | 575542.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 77644339.00 |
| 171000000 | Interest Earned | RP-8 | 428296.00 |
| 180000000 | Other Income | RP-9 | 0.0 |
| 310000000 | Panchayat Fund | RP-21 | 62420.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 33254560.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 5122500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 39777928.00 |
| 330000000 | Secured Loans | RP-25 | 6000000.00 |
| 340000000 | Deposits Received | RP-27 | 1198848.00 |
| 350000000 | Other Liabilities | RP-29 | 4467053.00 |
| 460000000 | Loans, Advances and Deposits | RP-41 | 46456.00 |
| | Grand total | | 212950330.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 4038202.00 |
| 220000000 | Administrative Expenses | RP-11 | 1547448.00 |
| 230000000 | Operations & Maintenance | RP-12 | 8157767.00 |
| 240000000 | Interest & Finance Charges | RP-13 | 248008.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 65061480.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 16254877.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 11255852.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 4894602.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 5500.00 |
| 310000000 | Panchayat Fund | RP-21 | 0.0 |
| 350000000 | Other Liabilities | RP-29 | 9319876.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 11048395.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -24839.00 |
| 311000000 | Earmarked Funds | RP-22 | 11.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1942641.00 |
| 340000000 | Deposits Received | RP-27 | 293418.00 |
| 350000000 | Other Liabilities | RP-29 | 17395947.00 |
| 410000000 | Fixed Assets | RP-31 | 25757119.00 |
| 412000000 | Capital work in Progress | RP-33 | 777500.00 |
| 460000000 | Loans, Advances and Deposits | RP-41 | 1980180.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 32996346.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 212950330.00 |

Cherpulassery Municipality
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 20854570.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3317046.00 |
| 140000000 | Fee & User Charges | I-4(b) | 3686221.00 |
| 150000000 | Sale & Hire Charges | I-5(b) | 575542.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 196885872.00 |
| 171000000 | Interest Earned | I-8 | 428296.00 |
| 180000000 | Other Income | I-9 | 154242.00 |
| | Total Income | | 225901789.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 17438317.00 |
| 220000000 | Administrative Expenses | I-11(b) | 7069951.00 |
| 230000000 | Operations & Maintenance | I-12(b) | 13123116.00 |
| 240000000 | Interest & Finance Charges | I-13 | 248008.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 148020434.00 |
| 251000000 | Decentralised Plan Programme-Service | I-14 | 13450305.00 |

| | | | |
|---|---|---|---|
| | Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 10859842.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4703400.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5500.00 |
| 272000000 | Depreciation | I-17(a) | 8111517.00 |
| | Total Expenditure | | 223030390.00 |
| | Gross Surplus/ Deficit of income over Expenditure | | 2871399.00 |
| 280000000 | Prior Period Item | I-18 | -11636583.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 14507982.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Cherpulassery Municipality BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 40864961.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 834818.00 |
| 312000000 | Reserves | B-3 | 86159003.00 |
| | Total Reserve & Surplus | | 127858782.90 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16765889.00 |
| | Total Grants, Contributions for Specific Purposes | | 16765889.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 75533333.00 |
| | Total Loans | | 75533333.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3063552.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 7746570.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 10810122.00 |
| | TOTAL LIABILITIES | | 230968126.90 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 114515898.00 |
| 411000000 | Accumulated Depreciation | B-11 | -17757979.00 |
| 412000000 | Capital Work in Progress | B-11 | 2109578.00 |
| | Total Fixed Assets | | 98867497.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18825693.90 |
| 440000000 | Pre-paid Expenses | B-16 | 75533333.00 |
| 450000000 | Cash and Bank Balance | B-17 | 32996346.00 |
| 460000000 | Loans, Advances and Deposits | B-18 | 4745257.00 |
| | Total Current Assets, Loans and Advances | | 132100629.90 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 230968126.90 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ